# 2
# ദുരുപദേഷ്ടാക്കന്മാരെ കുറ്റപ്പെടുത്തൽ
## (5-16)

(2 പത്രൊ. 3:1) പോലെ, തന്റെ വായനക്കാരെ ഓർപ്പിക്കുന്നതാണ് തന്റെ ഉത്തരവാദിത്തത്തിന്റെ ഒരു ഭാഗം എന്നു യൂദാ മനസിലാക്കിയിരുന്നു. "അഭക്തരായ പുരുഷന്മാർ" തങ്ങളുടെ ദുഷ്ക്കാമവൃത്തികളാൽ ആദ്യമായിട്ടല്ല ദൈവജനത്തെ വഷളാക്കിയത് എന്നു യൂദാക്ക് അറിയാമായിരുന്നു. അങ്ങനെയുള്ളവരെ ദൈവം പഴയ കാലത്ത് ന്യായം വിധിച്ചിരുന്നു; അവൻ ഇനിയും ന്യായം വിധിക്കും. പണ്ട് ദൈവത്തിൽനിന്നും അകന്നുപോയവരെ ദൈവം കൈകാര്യം ചെയ്തത് ഓർത്തുകൊണ്ട്, യൂദായുടെ വായനക്കാർ തങ്ങളുടെ മനസിനെ നവോന്മേഷപ്പെടുത്തണമായിരുന്നു.

ഈ. ഏർലേ എലിസ് വാദിച്ചത്, യൂദാ 5-19 വരെ, യെഹൂദ (മിദ്രാഷിക്) വ്യാഖ്യാന വിദ്യ ഉപയോഗിച്ച് ശ്രദ്ധാപൂർവ്വമായുള്ള വാദമാണ് എന്നാണ്.[1] ചാവുകടൽ ചുരുളിലും മറ്റും സമാനതകൾ കാണാം. ദുരുപദേഷ്ടാക്കന്മാർ സ്വന്തമോഹങ്ങളെ അനുസരിച്ച് ചെയ്യുമ്പോൾ, അത് ദൈവദാസന്മാർ മുൻകൂട്ടി പ്രവചിച്ചത് നിറവേറുകയായിരുന്നു എന്നു യൂദാ തന്റെ വായനക്കാരെ ഓർപ്പിക്കുവാൻ ആഗ്രഹിച്ചു. യൂദായുടെ വാക്കുകൾ തന്റെ എതിരാളികളെ ശകാരിക്കുവാൻ ആയിട്ടുള്ളതായി കണക്കാക്കരുതെന്നായിരുന്നു ഏലിയുടെ വാദം.

### അനുസരണം കെട്ടവരെ ദൈവം കുറ്റപ്പെടുത്തുന്നത് (5-7)

**5നിങ്ങളോ സകലവും ഒരിക്കൽ അറിഞ്ഞുവെങ്കിലും നിങ്ങളെ ഓർപ്പിപ്പാൻ ഞാൻ ഇഛിക്കുന്നതെന്തെന്നാൽ: കർത്താവ് ജനത്തെ മിസ്രയിമിൽനിന്നു രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നത്തേതിൽ നശിപ്പിച്ചു. 6തങ്ങളുടെ വാഴ്ച്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു. 7അതുപോലെ സൊദോമും ഗൊമോരയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്ക് സമമായി ദുർന്നടപ്പ് ആചരിച്ച് അന്യജഡം മോഹിച്ച് നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ട്, ദൃഷ്ടാന്തമായി കിടക്കുന്നു.**

**വാക്യം 5.** ദൈവം ന്യായം വിധിച്ച മൂന്നു സംഭവങ്ങളെ ഉദ്ധരിച്ചുകൊണ്ടാണ് യൂദാ ആരംഭിച്ചത്. തന്നോട് മൽസരിച്ചവരെ മുൻപ് ദൈവം ശിക്ഷിച്ചതുപോലെ, യൂദയുടെ ആദ്യവായനക്കാരുടെ സമയത്തെ ദൂരുപദേഷ്ടാക്കന്മാരെയും അവൻ ന്യായം വിധിക്കുമെന്ന് യൂദാ അവരെ ഓർപ്പിക്കുകയാ

യിരുന്നു. യൂദാ 5 മുതൽ 7 വരെയുള്ള വേദഭാഗങ്ങളിൽ എഴുതിയതുപോലെയുള്ള സമാനതയാണ് 2 പത്രൊസ് 2:4–7 ലും ഉള്ളത്. രണ്ട് ലേഖകന്മാരും മുന്നറിയിക്കുവാൻ പഴയ നിയമ ഉദാഹരണങ്ങൾ ഉപയോഗിച്ചു. ഒരേ ഉദാഹരണങ്ങളാണ് രണ്ട് സംഭവങ്ങളിലും അവർ ഉപയോഗിച്ചത്. നോഹയുടെ കാലത്തെ ദൈവത്തിന്റെ ന്യായവിധിയും, മിസ്രയിമിൽനിന്നും കൊണ്ടുവന്ന യിസ്രായേൽ ജനം അനുസരണക്കേടിലായപ്പോൾ ശിക്ഷിച്ചതും ആണ് യൂദായുടെ ലേഖനത്തിൽ 2 പത്രൊസിന്റേതിൽനിന്നു വ്യത്യാസമായി കാണുന്നത്. യൂദാ ഉപയോഗിച്ച ഉദാഹരണങ്ങളിൽ, മിസ്രയിമിൽനിന്നു കൊണ്ടു വന്ന അവിശ്വസ്തരായ യിസ്രായേൽ ജനവും, ദൂതന്മാരും, സൊദോമും ഗൊമോരയും ആണ്. പത്രൊസിന്റേത്, ദൂതന്മാരും, നോഹയുടെ കാലത്ത് അനുസരിക്കാതിരുന്നവരും, സൊദോമും ഗൊമോരയും ആണ്.

പത്രൊസും യൂദായും ഉപയോഗിച്ച ഉദാഹരണങ്ങൾ ഒന്നു തന്നെയല്ല. ഈ വ്യത്യാസം ലേഖനങ്ങളിൽ എന്തെങ്കിലും പ്രത്യേകത ഉണ്ടോ എന്നതാണ് നാം ചോദിക്കേണ്ടത്. മിക്കവാറും അങ്ങനെയായിരിക്കും, അതങ്ങനെയാണെങ്കിൽ, ഒരു ലേഖകൻ മറ്റൊരു ലേഖകനെ ഉപയോഗപ്പെടുത്തിയിരിക്കാം, എന്നാൽ പിന്നീട് എഴുതിയ ആൾ എന്തുകൊണ്ട് ഒരു ഉദാഹരണത്തിനു പകരം മറ്റൊന്ന് ഉപയോഗിച്ചു? എന്തുകൊണ്ട് നാലാമതായി ഒരു ഉദാഹരണം ചേർത്തില്ല? ആ വ്യത്യാസം ഏതു ലേഖനം ആദ്യം എഴുതി എന്നു വ്യക്തമാക്കുന്നതാണോ? അതിൽ സംബോധന ചെയ്ത സദസ്യരെ കുറിച്ചോ അല്ലെങ്കിൽ എഴുതിയ തീയതിയെ സംബന്ധിച്ചോ എന്തെങ്കിലും സൂചന അത് നൽകുന്നുണ്ടോ?

എങ്ങനെയായാലും, നാം ശ്രദ്ധിക്കണം, യൂദാ യെഹൂദ ക്രിസ്ത്യാനികൾക്കാണ് മുഖ്യമായും എഴുതിയതെങ്കിൽ, യെഹൂദ ചരിത്രത്തിൽ സംഭവിച്ച കാര്യങ്ങളെയായിരുന്നു അവൻ തന്റെ വായനക്കാരുടെ ശ്രദ്ധക്കായി അവതരിപ്പിച്ചത്, അക്കാരണത്താൽ അവിശ്വാസികളായി തീർന്ന യിസ്രായേൽ ജനത്തിന്റെ ഉദാഹരണവും എടുത്തു കാണിച്ചു. പത്രൊസ് തിരഞ്ഞെടുത്ത ഉദാഹരണങ്ങൾ നോക്കിയാൽ, പത്രൊസ് യെഹൂദന്മാരെ മാത്രമല്ല വിസ്തൃതമായ സദസിനെ ഉദ്ദേശിച്ചു എന്നു മനസിലാക്കുവാൻ കഴിയും. നോഹയുടെ കാലത്തെ ഉദാഹരണം നോക്കിയാൽ, യെഹൂദ മതസ്ഥരായ ഒരു ദേശം മാത്രമായിരുന്നില്ല, പ്രപഞ്ചത്തിലെ അനുസരിക്കാതിരുന്നവരെയെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

യൂദാ ഉപയോഗിച്ച അനുസരിക്കാതിരുന്ന യിസ്രായോലിന്റെ ഉദാഹരണം പത്രൊസ് വിട്ടുകളഞ്ഞത്, തന്റെ യെഹൂദ വായനക്കാർക്ക് ഇടർച്ച വരുത്താതിരിക്കുന്നതിനായിരിക്കാം. എങ്കിലും, അവസാനം, യൂദാ എന്തുകൊണ്ട് അവിശ്വാസികളായ യിസ്രായേലിനെ കുറിച്ചു പറഞ്ഞു എന്നോ, പത്രൊസ് എന്തുകൊണ്ട് നോഹയുടെ കാലത്തെ അനുസരണക്കേട് പറഞ്ഞു എന്നോ ഉള്ള വ്യക്തമായ കാരണം അജ്ഞാതമാണ്. രണ്ട് ലേഖനങ്ങളും എഴുതിയ ക്രമത്തെ സംബന്ധിച്ചും സദസ്യരെ കുറിച്ചും വ്യക്തമായ തെളിവുകളില്ല. ആധുനിക വായനക്കാരന് അത് വിഷയമല്ല.

പൊതുവായി, **മിസ്രയിം ദേശത്തുനിന്നു കൊണ്ടുവന്നവർ** അവിശ്വാസികളായി തീർന്നതിനാൽ, ദൈവം **അവരെ പിന്നീട് നശിപ്പിച്ചതിന്റെ** കാരണം ആയിരിക്കാം യൂദാ വ്യക്തമാക്കിയത്. നേരെ മറിച്ച്, ദേശം ഒറ്റു നോക്കിയവരുടെ വിവരണം കേട്ട് പിറുപിറുത്ത പ്രത്യേക സംഭവം ആയിരിക്കാം യൂദയുടെ മനസിൽ ഉണ്ടായിരുന്നത് (സംഖ്യ. 14). യഹോവയിലുള്ള ആശ്രയക്കുറവിന്റെ

ശിക്ഷയായി യിസ്രായേലിനെ നാൽപതു വർഷം മരുഭൂമിയിൽ അലഞ്ഞു തിരിയുവാൻ വിട്ടുകളഞ്ഞു. യിസ്രായേലിന്റെ മൽസരഫലമായി അവർ അനുഭവിച്ച ശിക്ഷ യൂദായുടെ വായനക്കാർക്കുള്ള മുന്നറിയിപ്പായിരുന്നു. ക്രിസ്തുവിന്റെ അനുഗ്രഹങ്ങളെ അവർക്ക് നിസാരമായി കാണാവുന്നതായിരുന്നില്ല. ദൈവജനമായിരിക്കെ ദുരുപദേഷ്ടാക്കന്മാരെ അനുസരിക്കുന്നതിനാൽ, അവർക്ക് ദൈവത്തിന്റെ ന്യായവിധി നേരിടേണ്ടി വരുമെന്നർത്ഥം. അതേ രീതിയിലുള്ള പാഠം 1 കൊരിന്ത്യർ 10:6-13 ൽ അപ്പൊസ്തലനായ പൗലൊസ് നമ്മെ പഠിപ്പിക്കുന്നു.

അവരെ മുൻപ് അപ്പൊസ്തലന്മാർ കേൾപ്പിച്ച സുവിശേഷ സന്ദേശം രണ്ടു ലേഖകന്മാരും തങ്ങളുടെ വായനക്കാരെ ഓർപ്പിച്ചു (2 പത്രൊ. 1:12, 13; 3:1). ആ വായനക്കാർ തങ്ങളെ ആദ്യം കേൾപ്പിച്ച സന്ദേശം അവർ എപ്പോഴും ഓർമ്മിക്കണമായിരുന്നു. കാരണം അവർ അപ്പൊസ്തൊല സാക്ഷികളിൽനിന്നു കേട്ടതും, ദുരുപദേഷ്ടാക്കന്മാരിൽനിന്നു കേട്ടതും തമ്മിൽ വ്യത്യാസമുണ്ടായിരുന്നു.

ദൃഷ്ടാന്തവും/ദൃഷ്ടാന്തമല്ലാത്തതും ആയ വ്യാഖ്യാനമാണ് യൂദാ ഉപയോഗിച്ചത്. മരുഭൂമിയിലെ യിസ്രായേൽ ഒരു ദൃഷ്ടാന്തമാണ്; എന്നാൽ മാതൃകയല്ലാത്തത് ആരാണ്? താൻ സംബോധന ചെയ്ത സദസ്യരടങ്ങുന്ന സഭയെ കുഴപ്പത്തിലാക്കിയ ദുരുപദേഷ്ടാക്കന്മാർക്ക് സംഭവിപ്പാനുള്ളത് ഗ്രഹിപ്പിക്കുവാനായിരുന്നു അവൻ യിസ്രായേലിനെ ദൈവം ശിക്ഷിച്ച കാര്യം ഓർപ്പിച്ചത്. അപ്പോൾ, **വിശ്വസിക്കാതിരുന്ന** യിസ്രായേലിനോട് ദുരുപദേഷ്ടാക്കന്മാരെ ഉപമിക്കാമോ? അങ്ങനെയെങ്കിൽ, ദുരുപദേഷ്ടാക്കന്മാർ ഒരിക്കൽ ക്രിസ്തീയ സമൂഹത്തിൽ വിശ്വസ്ത അംഗങ്ങളായിരുന്നു എന്നാകണം യൂദാ അന്തർലീനമാക്കിയത്. അവർ വീണ്ടും ജനിച്ചവരായിരുന്നു. അവർ ക്രിസ്തുവിനെ ധരിച്ചവരും, ദൈവരാജ്യത്തിനു ഓഹരിക്കാരുമായിരുന്നു. അപ്പോൾ, യൂദായുടെ പോയിന്റ്, ആ ദുരുപദേഷ്ടാക്കന്മാർ ഒരിക്കൽ അവരുടെ ഭാഗമായിരുന്നു, അവർ ദൈവത്തിന്റെ പരമാധികാര നിയമത്തിൽനിന്നാണ് അകന്നു പോയിരിക്കുന്നത്. അഭക്തരായ ആളുകൾ ക്രിസ്ത്യാനികൾക്കുള്ളിൽനിന്നു തന്നെ എഴുന്നേറ്റ് ക്രിസ്ത്യാനികളെ ലോകത്തിലേക്ക് തിരിച്ചു കൊണ്ടുപോകുവാൻ സാധ്യതയുണ്ട് എന്ന് ആരംഭം മുതൽ ദൈവപദ്ധതി മുന്നറിയിച്ചു കൊണ്ടാണിരിക്കുന്നത്.

തന്റെ വായനക്കാരെ മുന്നറിയിക്കുവാൻ ആഗ്രഹിച്ചു എന്നതാണ് യൂദാ തന്റെ ലേഖനം എഴുതുവാനുള്ള മറ്റൊരു കാരണം. അവർ ദൈവവുമായുള്ള ബന്ധം വിട്ടുകളയരുതെന്ന് അവരെ അറിയിക്കുവാൻ അവൻ ആഗ്രഹിച്ചു. മുൻകാലത്ത് തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്ന യിസ്രായേൽ ജനം ദൈവത്തെ സംശയിക്കുകയും, വിഗ്രഹാരാധനയിലേക്ക് തിരിയുകയും, മരുഭൂമിയിൽ അലയുകയും ചെയ്തിരുന്നു. അവർ അങ്ങനെ ചെയ്തപ്പോൾ ദൈവം ഭയങ്കര ന്യായവിധിയായിരുന്നു നടത്തിയത്. യൂദയുടെ വായനക്കാർ ദുരുപദേഷ്ടാക്കന്മാരുടെ പാത പിൻപറ്റിയാൽ അവർക്കും അതേ ഗതി തന്നെയാണ് വരുവാനിരിക്കുന്നത്. യൂദാ അവരെ ഓർപ്പിക്കുകയും, മുന്നറിയിക്കയും ചെയ്തതിനാൽ, അവർ മൽസരിച്ചിരുന്ന യിസ്രായേലിന്റെ മറ്റൊരു പതിപ്പായിരുന്നു എന്നു വരുന്നു. അവർ യിസ്രായേലിന്റെ വഴിയായിരുന്നു പിൻപറ്റിയത്. അവർ അങ്ങനെ ചെയ്താൽ, ദൈവം അവരെ പിന്നീട് “നശിപ്പിക്കും.” വിളിച്ചവരിലേക്ക് ന്യായവിധി അയക്കും എന്നർത്ഥം.

**വാക്യം 6**. രണ്ടാമത് ഒരു ഉദാഹരണം കൂടെ യൂദാ നൽകി. **ദൂതന്മാർ** പാപം ചെയ്തപ്പോൾ അവർ ദൈവത്തിന്റെ കോപം എന്തെന്ന് അനുഭവിച്ചതായ ഉദാഹരണം അവൻ ചിത്രീകരിച്ചത് വിശുദ്ധന്മാർക്കും അതേ ഗതി വരാനിടയുണ്ട് എന്ന അർത്ഥത്തിലാണ്. അതേ ഉദാഹരണം പത്രൊസും ഉപയോഗിച്ചിരിക്കുന്നു (2 പത്രൊ. 2:4), യൂദാ പറഞ്ഞതിനേക്കാൾ വിശദമായിട്ടാണ് പത്രൊസ് അത് വിവരിച്ചിരിക്കുന്നത്. യൂദയുടേയും പത്രൊസിന്റെയും വായനക്കാർക്ക് ദൈവത്തിന്റെ ന്യായവിധിയെ കുറിച്ച് അറിവുള്ളവരായിരുന്നു. രണ്ട് എഴുത്തുകാർക്കും അത് കൂടുതൽ വിശദമാക്കേണ്ട ആവശ്യമില്ലായിരുന്നു. അത് നിരീക്ഷിക്കുക മാത്രം മതിയായിരുന്നു, എങ്ങനെയായാലും, ദൈവം ദൂതന്മാരെ കുറ്റം വിധിച്ചത് എപ്പോഴാണ് എന്ന് പഴയനിയമത്തിലും, പുതിയ നിയമത്തിലും പറയുന്നില്ല.

പുതിയ നിയമ കാലയളവിലേക്ക് നയിക്കുന്നതുവരെ ദൂതന്മാരെ കുറിച്ച് യെഹൂദ സങ്കൽപങ്ങൾ ധാരാളം ഉണ്ടായിരുന്നു. ഉൽപത്തി 6:1–4 ൽ “ദൈവത്തിന്റെ പുത്രന്മാർ” “മനുഷ്യരുടെ പുത്രിമാരെ” ഭാര്യമാരായി എടുത്ത സംഭവത്തെ കേന്ദ്രീകരിച്ചാണ് സങ്കൽപം തുടങ്ങുന്നത്. രണ്ട് നിയമങ്ങൾക്കിടയിൽ എഴുതിയ യൂനക്കിന്റെ പുസ്തകത്തിൽനിന്നാണ് ചില സങ്കൽപങ്ങൾ ഉടലെടുത്തത് (ഉല്. 5:21–24 നോക്കുക). ഒന്ന് യൂനക്ക് പല ഘട്ടങ്ങളിലായി എഴുതിയതും സംയോജിപ്പിച്ചതുമായ ഒരു രചനയായിരുന്നു. അതിന്റെ ആദ്യ ഭാഗം പുതിയ നിയമം എഴുതുന്നതിനു ഏകദേശം ഒരു നൂറ്റാണ്ടിന് മുൻപ് എഴുതി എന്നു കരുതപ്പെടുന്നു. പിന്നീട് യൂദാ തന്റെ ലേഖനത്തിൽ സൂചിപ്പിച്ചതിനാൽ, 1 യൂനക്ക് എന്ന പുസ്തകം യൂദാക്ക് പരിചയമുണ്ടായിരുന്നു എന്നു സ്പഷ്ടം.[2]

ദൂതന്മാരെ ദൈവം ന്യായം വിധിച്ചതായി യൂദാ പറഞ്ഞപ്പോൾ, അത് യഥാർത്ഥ സമയത്ത് സംഭവിച്ചതാണ് എന്നു അവൻ ഉദ്ദേശിച്ചിരുന്നോ എന്ന് നമുക്ക് അറിയില്ല. തന്നോട് ഏറ്റവും അടുത്തുള്ളവരെ പോലും ദൈവം ന്യായംവിധിക്കും എന്ന സത്യം ബോധ്യപ്പെടുത്തുവാനായിരിക്കാം, നല്ല അദ്ധ്യാപകനായിരുന്ന യൂദാ ചിത്രീകരണങ്ങളും ഉപയോഗിച്ചത്. ദൈവത്തിന്റെ നന്മയെ നാം ഒരിക്കലും നിസാരമായി കാണരുത്. വിശ്വാസത്യാഗത്തിന്റെ അപകടം യഥാർത്ഥത്തിലുള്ളതാണ്. അധുനിക ഉപദേഷ്ടാവ് തന്റെ പോയിന്റ് ഉറപ്പിക്കുവാൻ ആനുകാലിക എഴുത്തുകാരുടെ പ്രസ്താവന ഉപയോഗിക്കുന്നതുപോലെയായിരുന്നു യൂദാ പാപം ചെയ്ത ദൂതന്മാരുടെ കാര്യം അവതരിപ്പിച്ചത്. ഉദ്ധരിച്ചതായ സംഭവങ്ങൾ വാസ്തവത്തിലുള്ള സമയത്ത് നടന്നതാണ് എന്നു യൂദയോ ആധുനിക ഉപദേഷ്ടാക്കന്മാരോ അന്തർലീനമാക്കുന്നില്ല.

യൂദാ കെട്ടുകഥകൾ ഉപയോഗിച്ചിരുന്നു എന്ന കാര്യം നിഷേധിക്കുവാൻ സാധ്യമല്ല. വാസ്തവത്തിൽ, ചരിത്ര സംഭവങ്ങളിൽനിന്ന് എടുത്തതാകാം ദൂതന്മാരെ കുറിച്ച് പറഞ്ഞത്. വിശ്വാസ ത്യാഗികളായിരുന്ന യിസ്രായേലിന്റേയും, സൊദോമിന്റേയും ഗൊമോരയുടേയും സംഭവങ്ങൾ ചരിത്രത്തിൽ യഥാർത്ഥ സമയത്ത് സംഭവിച്ചതിൽനിന്നെടുത്തതാണെങ്കിൽ, ദൂതന്മാരുടെ സംഭവത്തെ മറിച്ച് കരുതേണ്ട കാര്യമില്ല. കൂടാതെ, ദൂതന്മാരുടെ നിയമ ലംഘനത്തെ അവൻ പ്രത്യേകമായി എടുത്തു പറയുന്നുമുണ്ട്. അവർ **തങ്ങളുടെ വാസസ്ഥലം സൂക്ഷിച്ചില്ല**. ദൂതന്മാർ ദൈവത്തിന്റെ സന്ദേശവാഹകരായിരുന്നു, ദൂതന്മാർ ദൈവത്തോടു അടുത്ത് ഇടപഴകിയിരുന്നു എന്നു പറഞ്ഞാൽ അത് അതിശയോക്തി ആയിരിക്കുകയില്ല. ഇവിടെ പറഞ്ഞ ദൂതന്മാർക്ക് അഭിമാ

നകരമായ സ്ഥാനം ഉണ്ടായിരുന്നു. ആ **ശരിയായ സ്ഥാനത്തിൽ** അവർ തൃപ്തരായിരുന്നില്ല എന്നു സ്പഷ്ടം. ഏദെൻ തോട്ടത്തിലെ പുരുഷനേയും സ്ത്രീയേയും പോലെ (ഉല്. 3:5), ദൈവത്തെ പോലെ ആകുവാൻ ആഗ്രഹിച്ചിരിക്കാം. ദൂതന്മാരും മനുഷ്യരും പാപം ചെയ്യുവാൻ കാരണമായി തീരുന്നത് നിഗള ഭാവം നിമിത്തം ആണ്.

ആ ദൂതന്മാർ എപ്പോഴായിരുന്നു മൽസരിച്ചത്? എന്തായിരുന്നു സാഹചര്യം? ബൈബിൾ അത് പറയുന്നില്ല. അപ്പോഴും, ബൈബിളിൽ നിശബ്ദമായിരുന്നു എങ്കിലും, ആളുകൾക്ക് ഊഹിക്കാതിരിപ്പാൻ കഴിഞ്ഞില്ല. ദൂതന്മാരുടെ നായകൻ പാപം ചെയ്തതിന്റെ ഫലമായി തീർന്നതാണ് സാത്താൻ എന്നാണ് യാഥാസ്ഥിതികമായ സിദ്ധാന്തം. യൂദാ സാത്താനെ കുറിച്ച് ഒന്നും പറഞ്ഞില്ല. സാത്താന്റെ ഉത്ഭവത്തെ കുറിച്ച് യൂദായുടെ ലേഖനത്തിലോ പുതിയനിയമത്തിൽ എവിടെയെങ്കിലുമോ പറയുന്നില്ല. ഒരുപക്ഷെ, തന്റെ "ശരിയായ സ്ഥാനത്തിൽ" തൃപ്തനല്ലായിരുന്ന ദൂതനായിരുന്നേക്കാം അവൻ; എന്നാൽ യൂദായുടെ വിഷയം സാത്താൻ ആണെങ്കിൽ, അവരെ **മഹാ ദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു** എന്നു പറയുവാൻ സാധ്യതയില്ല. കാരണം സാത്താനെ ബന്ധിച്ചതായി കാണുന്നില്ല. അവൻ ലോകത്തിൽ, ശക്തിയോടെ സജിവമായി വിശ്വാസികൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്.

സാത്താന്റെ ഉത്ഭവത്തെയും ദൂതന്മാരുടെ പ്രവൃത്തികളെയും കുറിച്ച് ചിന്തിച്ച് യൂദായുടെ പോയിന്റ് നാം നഷ്ടമാക്കരുത്. ഏറ്റവും അടുത്തുള്ള ദൂതന്മാർ പോലും, പാപം ചെയ്തപ്പോൾ ദൈവം അവരെ വിധിച്ചു (അത് എപ്പോഴായാലും, ഏതു സാഹചര്യത്തിലായാലും). ദൈവം പാപം ചെയ്ത ദൂതന്മാരെ "എന്നേക്കുമുള്ളചങ്ങലയിൽ" "സൂക്ഷിച്ചിരിക്കുന്നു" എങ്കിൽ, ക്രിസ്ത്യാനികൾ പാപം ചെയ്താൽ അവരെ "മഹാ ദിവസത്തിന്റെ ന്യായവിധിയിൽ" നിന്ന് ഒഴിവാക്കുമെന്ന് ആരും സംശയിക്കുകയില്ല. വിശ്വാസത്യാഗത്തിന്റെ അപകടത്തെയാണ് യൂദാ തന്റെ വായനക്കാരെ മുന്നറിയിച്ചത്.

ഇരുണ്ട തീ നമുക്ക് ഊഹിക്കുവാൻ വിഷമമാണ്, എന്നാൽ യേശു ദൈവത്തിന്റെ ന്യായവിധി അവതരിപ്പിച്ചത് ഇരുണ്ട രൂപകാലങ്കാരത്തോടും (മത്താ. 8:12; 25:30) അഗ്നിയോടുംകൂടെയാണ് (മത്താ. 5:22; 13:42). "എന്നേക്കും" എന്നും "ഇരുട്ടിൽ" എന്നുമുള്ള പദങ്ങൾ ഉപയോഗിച്ച് പാപം ചെയ്ത ദൂതന്മാർക്കെതിരെയുള്ള ദൈവത്തിന്റെ ന്യായവിധിയുടെ കാഠിന്യത്തെയാണ് യൂദാ തന്റെ വായനക്കാരെ ഓർപ്പിച്ചത്. ദൈവം ആ ദൂതന്മാരെ ഇങ്ങനെ ശിക്ഷിച്ചു എങ്കിൽ, ദുരുപദേഷ്ടാക്കന്മാരെ ന്യായവിധി നടത്താതിരിക്കുകയില്ല എന്നതായിരുന്നു യൂദായുടെ പോയിന്റ്. ദൂതന്മാരെ ദൈവം വിധിച്ചതുപോലെ തന്നെ ദൈവം അവരെയും വിധിക്കും.

**വാക്യം 7.** ദൈവം **സൊദോമിനേയും ഗൊമോരയെയും** വിധിച്ചത് ഉൽപത്തി 19 ൽ പറഞ്ഞിരിക്കുന്നു. ആ പട്ടണങ്ങളെ വിവരിക്കുവാൻ ഞാൻ റിച്ചാർഡ് ജെ. ബക്കാമിന്റെ വാക്കുകൾ കടമെടുത്തിരിക്കുന്നു, "ദൈവത്തിന്റെ ന്യായവിധിയുടെ മാതൃക."[3] ബൈബിൾ ആ പട്ടണങ്ങളെ കുറിച്ച് നിഷേധരൂപത്തിലല്ലാതെ ഒരിക്കലും പറഞ്ഞിട്ടില്ല (ഉദാഹരണമായി നോക്കുക, ആവ. 29:23; യെശ. 1:9; യിരെ. 23:14; മത്താ. 10:15). ദൈവത്തിന്റെ ന്യായവിധി നേരിട്ടത് ആ പട്ടണങ്ങൾ മാത്രമായിരുന്നില്ല, അവക്കു **ചുറ്റുമുള്ള പട്ടണങ്ങളെ**യുമാണ് എന്നു കാണിക്കുവാൻ യൂദാ വിവരിച്ചത് ഉൽപത്തി 19:24, 25 ആണ്. ആവർത്ത

നപുസ്തകം 29:23-ൽ ആ പട്ടണങ്ങൾ അദമ, സെബോയിം ആണെന്ന് തിരിച്ചറിയിച്ചിരിക്കുന്നു (ഹോശേ. 11:8 നോക്കുക). ലോത്തിന്റെ അപേക്ഷപ്രകാരം സോർ പട്ടണത്തെ ദൈവം നശിപ്പിക്കാതെ വിട്ടു (ഉല്. 19:19-22).

"സൊദോമിന്റേയും ഗൊമോരയുടേയും" സ്ഥാനം കൃത്യമായി അറിയില്ല, എന്നാൽ യെഹൂദ പാരമ്പര്യമനുസരിച്ച് തെക്കു ഭാഗത്തുള്ള താഴ്‌വരയിലായിരുന്നു, അത് ഇപ്പോഴത്തെ ചാവുകടൽ ആണ്. അവിടെ ചൂടുള്ള അരുവിയും ധാതുക്കളും ഉള്ളതിനാൽ ആധുനിക സന്ദർശകരെ ആ പ്രദേശം ആകർഷിച്ചുകൊണ്ടിരിക്കുന്നു. മിസ്രയിമിലെ അലെക്സാണ്ഡ്രിയക്കാരനായിരുന്ന ഒരു യെഹൂദൻ സൊദോമിനേയും ഗൊമോരയെയും വിവരിച്ചത് ദൈവത്തിന്റെ ന്യായവിധി നടത്തിയ പട്ടണങ്ങളായിട്ടായിരുന്നു. എന്നേക്കും, ദുഷിക്കപ്പെട്ട പട്ടണങ്ങളായിട്ടാണ് അവയെ അറിയപ്പെടുന്നത്. അയാളുടെ വാക്കുകൾ ശ്രദ്ധിക്കുക: "അവരുടെ ദൂഷ്ടതയുടെ തെളിവ് ഇന്നും നിലനിൽക്കുന്നു; എപ്പോഴും പുക ഉയരുന്ന പാഴ്ഭൂമി, പുഷ്പിക്കും എന്നാൽ കായ് ആകുകയില്ല, കൂടാതെ അവിശ്വസിക്കുന്ന ആത്മാവിന് ഓർക്കുവാനായി അവിടെ ഉപ്പുതൂണും ഉണ്ട്."[4] ചാവുകടലിന്റെ തെക്കുഭാഗത്തായുള്ള പ്രദേശത്തെ പ്രതിനിധീകരിക്കുന്നതാണ് ആ വാക്കുകൾ. ചുരുക്കത്തിൽ, നമുക്ക് അറിയാവുന്നേടത്തോളം അബ്രഹാമും ലോത്തും ആ കാലത്ത്, അവരുടെ പരമ്പരാഗത സ്ഥാനമാക്കിയിരുന്നു എന്നത് വാസ്തവമായിരുന്നു, എന്നാൽ അതിലധികം അവകാശപ്പെടുന്നത് സന്നിഗ്ദ്ധമായിരിക്കും.[5]

മുമ്പിലത്തെ രണ്ട് ഉദാഹരണങ്ങളിൽനിന്നു വ്യത്യസ്തമായി, (മരുഭൂമിയിലെ യിസ്രായേലും ദൂതന്മാരും), സൊദോം നിവാസികൾ അനുഗ്രഹിക്കപ്പെട്ട അവസ്ഥയിൽനിന്നല്ല വീണുപോയത്. യൂദാ സൊദോമിന്റേയും ഗൊമോരയുടേയും ദൃഷ്ടാന്തം കാണിച്ചത്, ഭോഗേച്ഛയിലേർപ്പെടുന്നവർക്കുള്ള മുന്നറിയിപ്പായിട്ടായിരുന്നു, **ശിക്ഷ, നിത്യാഗ്നിയിലുള്ളതായിരുന്നു**. സൊദോം നിവാസികൾ **അന്യജഡം** മോഹിച്ചു നടന്നു (*സർകോസ് ഹെറ്റെറാസ്*). "മറ്റു ജഡം," അല്ലെങ്കിൽ "വ്യത്യാസമുള്ള ജഡം" എന്നു തർജ്ജമ ചെയ്യാവുന്നതാണ്. ആ പ്രയോഗം ചുരുങ്ങിയത് രണ്ട് വിധത്തിൽ വ്യാഖ്യാനിക്കാം. ഒന്ന്, രണ്ട് അപരിചിതർ സൊദോമിൽ വരികയും ലോത്തിന്റെ അതിഥിയായി താമസിക്കുകയും ചെയ്തു, വാസ്തവത്തിൽ, അവർ ദൂതന്മാർ ആയിരുന്നു. തൊട്ടു മുമ്പിലത്തെ വാക്യത്തിൽ യൂദാ പാപം ചെയ്ത ദൂതന്മാരെ കുറിച്ച് പറഞ്ഞതേയുള്ളു. അന്യ "ജഡം മോഹിച്ചു" നടന്ന സൊദോമിലെ പുരുഷന്മാർ ദൂതന്മാരെ ഭോഗിക്കേണ്ടതിനായിരുന്നു ലോത്തിന്റെ വീട്ടിലേക്ക് ചെന്നത്.[6] ആ അർത്ഥത്തിന് സാധ്യതയുണ്ടെങ്കിലും, അതല്ല ഇവിടെ പറയുന്നത്.

രണ്ട്, സൊദോം നിവാസികൾ സ്വവർഗരതിക്കാരായിരുന്നു. ഈ അർത്ഥത്തിനാണ് കൂടുതൽ സാധ്യതയുള്ളത്. "അന്യ ജഡം" എന്നതു സൂചിപ്പിക്കുന്നത് പുരുഷൻ മറ്റൊരു പുരുഷനുമായി ഭോഗിക്കുവാൻ ആഗ്രഹിച്ചു എന്നാണ്. ലോത്തിന്റെ സന്ദർശകർ ദൂതന്മാരായിരുന്നു എന്ന ചിന്ത ഒന്നും സൊദോമിലെ പുരുഷന്മാർക്ക് ഇല്ലായിരുന്നു. അവർ ദൂതന്മാരായതുകൊണ്ടല്ല, മറിച്ച് അവർ പുരുഷന്മാരായിരുന്നതുകൊണ്ടാണ് ലോത്തിന്റെ സന്ദർശകരുമായി സൊദോമിലെ പുരുഷന്മാർ ഭോഗിക്കുവാൻ ശ്രമിച്ചത്. ദൈവം ആളുകളിൽ നൽകിയിരിക്കുന്ന സഹജമായ ലൈംഗികേച്ഛയെ അവർ തലതിരിച്ചുകളഞ്ഞിരുന്നു.

വിവാഹബന്ധത്തിന്റെ സമർപ്പണത്തിൽ, ദൈവം മനുഷ്യർക്ക് നൽകിയ

വരദാനമാണ് സ്ത്രീ പുരുഷ ലൈംഗിക ബന്ധം. എങ്ങനെയായാലും, പുരുഷൻ പുരുഷനുമായി ചേർന്ന് ലൈംഗികബന്ധം ആഗ്രഹിക്കുന്നത് "അന്യ ജഡമോഹം" ആണ്. അത് സൃഷ്ടിത്വക്രമത്തിന് വിരുദ്ധമാണ്. അതുകൊണ്ടാണ് യൂദാ അത്തരത്തിലുള്ള ഭാഷ ഉപയോഗിച്ചത്.

ഗിബെയയിലുള്ള പുരുഷന്മാരുടെ സംഭവവുമായി ഉൽപത്തി 19 ലെ പുരുഷന്മാരുടെ സംഭവത്തിന് പൊതുവിൽ പല സമാനതകളാണുള്ളത് (ന്യായാ. 19). അവകാശങ്ങളിൽനിന്നു വ്യത്യസ്തമായി പഴയ നിയമത്തിലും (ലേവ്യാ. 20:13), പുതിയ നിയമത്തിലും (റോമർ. 1:26, 27; 1 കൊ. 6:9) വ്യക്തമായി വിലക്കിയിരിക്കുന്നതാണ് സ്വവർഗരതി. സൊദോമിലെ പുരുഷന്മാർ ദൈവത്തിനെതിരായി തലതിരിഞ്ഞ ഭോഗാസക്തരാകുക മാത്രമല്ല, അവർ അക്രമികളുമായിരുന്നു. അവർ ലോത്തിന്റെ വീട്ടിൽ വന്ന സന്ദർശകരെ ഭോഗിക്കുവാനായി ഒരുങ്ങി. യൂദാ അവരുടെ അക്രമത്തെ കുറിച്ചു പറഞ്ഞില്ല. സൊദോമ്യരുടെ **ദുഷ്ക്കാമവൃത്തികളെ** ആയിരുന്നു യൂദാ ശ്രദ്ധിച്ചത്. യൂദാ നേരിട്ട ദുരുപദേഷ്ടാക്കന്മാരെ പോലെയായിരുന്നു സൊദോമിലുള്ള പുരുഷന്മാരുടെ അധാർമ്മികത.

**അങ്ങനെ തന്നെ ഇവരും** എന്ന പ്രയോഗം മനസിലാക്കുവാൻ പ്രയാസമാണ്, കാരണം ഈ വാക്യത്തിനു മുൻപുള്ള "ഇവർ" എന്ന സർവ്വ നാമം (*ടൗടൊയിസ്*) അവ്യക്തമാണ്. "ഇവരും" എന്നു പറഞ്ഞത് ആരെ ഉദ്ദേശിച്ചാണ്? സൊദോം, ഗൊമോരാ എന്നീ പട്ടണങ്ങളുടെ മൂർത്തീഭാവങ്ങളാണോ? അങ്ങനെയായിരുന്നു എങ്കിൽ സർവ്വനാമം സ്ത്രീലിംഗത്തിലാകുമായിരുന്നു. ഗ്രീക്കിൽ "പട്ടണം" എന്നത് സ്ത്രീലിംഗ നാമമാണ്, പക്ഷെ ഈ പ്രയോഗത്തിലെ നാമം "ഇവർ" പുല്ലിംഗമാണ്. ഗ്രാമർ അനുസരിച്ച് "ഇവർ" എന്നു പറയുന്നത് സൊദോം ഗൊമോര എന്നീ പട്ടണങ്ങളാണെന്ന് പറയുക പ്രയാസമാണ്.

അപ്പോൾ "ഇവർ" എന്നു പറയുന്നത് മുൻ വാക്യത്തിലെ ദൂതന്മാർ ആയിരിക്കുമോ? അത് വാസ്തവമാണെങ്കിൽ, യൂദാ പറയുന്നത് തങ്ങളുടെ "വാസസ്ഥലം സൂക്ഷിക്കാതിരുന്ന ദൂതന്മാർ" വാക്യം 6 ലെ കുറ്റമായ വ്യഭിചാരം ചെയ്ത് "അന്യ ജഡം മോഹിച്ച്" പോയവരാകും. യൂദാ 6 ലെ ദൂതന്മാർ "ദൈവപുത്രന്മാരാണെങ്കിൽ" അവരാണ് ഉൽപത്തി 6:1, 2 ലെ, "മനുഷ്യരുടെ പുത്രിമാരെ" ഭാര്യമാരായി എടുത്തത്. ലൈംഗിക പാപം ചെയ്ത കുറ്റമുള്ളവരാണ് ഉൽപത്തി 6 ലെ "ദൈവപുത്രന്മാർ." അതാണ് യൂദാ അർത്ഥമാക്കിയതെങ്കിൽ, തന്റെ വായനക്കാർ അവന്റെ ഭാഷ സൂക്ഷ്മമായി വ്യത്യാസം മനസിലാക്കേണ്ടിയിരുന്നു. ഉൽപത്തി 6 ലെ "ദൈവപുത്രന്മാരെ" ശിക്ഷിക്കുന്നതായി "എന്നേക്കുമുള്ള ചങ്ങലയിൽ" ബന്ധിച്ചിരിക്കുന്നതായി പറയുന്നില്ല.

"ഇവർ" എന്നു പറയുന്നത്, സൊദോം, ഗൊമോര എന്നീ പട്ടണങ്ങളോ, വാക്യം 6 ലെ ദൂതന്മാരോ അല്ലെങ്കിൽ, പിന്നെ മറ്റൊരു സാധ്യതയുള്ളത് യൂദാ 4 ൽ പരിചയപ്പെടുത്തിയ "അഭക്തരായ പുരുഷന്മാർ" ആയിരിക്കണം. യൂദായുടെ വാക്കുകൾ അത്തരത്തിൽ വേണം നന്നായി മനസിലാക്കുവാൻ. അപ്പോൾ, അർത്ഥം, ഇതാണ്: "അവർ (സൊദോം നിവാസികൾ) ഇവരെ പോലെ (ദുരുപദേഷ്ടാക്കന്മാർ), ദുർന്നടപ്പിൽ മുഴുകി ജീവിച്ചു."

## **ദുരുപദേഷ്ടാക്കന്മാരെ കുറിച്ചുള്ള വിവരണം (8-13)**

**8അങ്ങനെ തന്നെ ഇവരും സ്വപ്നാവസ്ഥയിലായി ജഡത്തെ മലിനമാക്കു
കയും കർത്തൃത്വത്തെ തുച്ഛീകരിക്കയും മഹിമകളെ ദുഷിക്കയും ചെയ്യുന്നു.
9എന്നാൽ പ്രധാന ദൂതനായ മിഖായേൽ മോശെയുടെ ശരീരത്തെ കുറിച്ച് പി
ശാചിനോട് തർക്കിച്ചു വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനി
യാതെ: "കർത്താവ് നിന്നെ ഭർത്സിക്കട്ടെ" എന്നു പറഞ്ഞതേയുള്ളു. 10ഇവരോ
തങ്ങൾ അറിയാത്തത് എല്ലാം ദുഷിക്കുന്നു; ബുദ്ധിയില്ലാത്ത മൃഗങ്ങളെ പോ
ലെ സ്വാഭാവികമായി ഗ്രഹിക്കുന്നവയാൽ ഒക്കെയും തങ്ങളെത്തന്നെ വഷ
ളാക്കുന്നു. 11അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കയും
കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏൽപിക്കയും
കോരഹിന്റെ മൽസരത്തിൽ നശിച്ചു പോകയും ചെയ്യുന്നു. 12ഇവർ നിങ്ങ
ളുടെ സ്നേഹസദ്യകളിൽ മറഞ്ഞു കിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ
വിരുന്നു കഴിഞ്ഞു ഭയം കൂടാതെ നിങ്ങളെത്തന്നെ തീറ്റുന്നവർ; കാറ്റുകൊണ്ട്
ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇല കൊഴിഞ്ഞും ഫലമില്ലാതെയും
രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ; 13തങ്ങളുടെ നാണക്കേട്
നുരെച്ചു തള്ളുന്ന കൊടിയ കടൽത്തിരകൾ; സദാ കാലത്തേക്കും അന്ധത
മസ് സൂക്ഷിച്ചു വെച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നെ.**

പഴയ നിയമത്തിൽനിന്നും നിയമങ്ങൾക്കിടക്കുള്ള യെഹൂദ എഴുത്തുകളിൽനിന്നും ഉദാഹരണങ്ങൾ എടുത്ത് യൂദാ ദുരുപദേഷ്ടാക്കന്മാരെ കുറ്റപ്പെടുത്തുന്നതു തുടരുന്നു. അപ്പോഴും, അവരുടെ ഉപദേശത്തെ പ്രത്യേകമായി അവൻ ഒന്നും പറയുന്നില്ല. അവർ അഹംഭാവികളായിരുന്നു. ആത്മിയമായ അധികാരികളെ അവർ ബഹുമാനിച്ചിരുന്നില്ല. അവർ അജ്ഞരും തിരുത്തുവാൻ തയ്യാറാകാത്തവരുമായിരുന്നു. അർത്ഥവത്തായി വിവേചിക്കുവാൻ ശ്രമിക്കാത്ത വന്യ മൃഗങ്ങൾക്ക് തുല്യരായിരുന്നു അവർ. യൂദയുടെ മനസിലുണ്ടായിരുന്ന ആ ഉപദേഷ്ടാക്കന്മാർ ഒരുപക്ഷെ, ആഴത്തിൽ ആത്മിയമായ കാര്യങ്ങൾ മനസിലാക്കുവാൻ കഴിയാത്ത അറിവില്ലാത്തവർ ആയിരുന്നേക്കാം. അവർ എന്തു പഠിപ്പിക്കുന്നു എന്നതിനേക്കാൾ, അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്ന് ബോധ്യപ്പെടുത്തുവാനായിരുന്നു യൂദാ ശ്രമിച്ചത്. അവർ പഠിപ്പിച്ചിരുന്നതല്ല, മറിച്ച് അവരുടെ സ്വഭാവവും അതിന്റെ അനന്തരഫലവുമായിരുന്നു യൂദായെ അലോസരപ്പെടുത്തിയത്. അവസാനം, അവർക്ക് നൽകുവാൻ കഴിയാത്തതിനെയായിരുന്നു അവർ വാഗ്ദാനം ചെയ്തത് (2 പത്രൊ. 2:19 നോക്കുക).

**വാക്യം 8.** മുൻപിലെ വാക്യത്തിൽ ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് പറഞ്ഞിട്ട്, യൂദാ ഇപ്പോൾ നേരിട്ട് അവരുടെ ശ്രദ്ധ ആകർഷിക്കുകയാണ്. അവൻ അവതരിപ്പിച്ചു കഴിഞ്ഞ ഉദാഹരണങ്ങളിൽ അന്തർലീനമായിരിക്കുന്നത് വെളിപ്പെടുത്തുകയാണ്. ദൈവം മുൻപ് ദുഷ്ട ജനത്തെ ന്യായം വിധിച്ച ഉദാഹരണങ്ങളിൽനിന്നു ദുരുപദേഷ്ടാക്കന്മാർ ഒന്നും പഠിച്ചില്ല. അവിശ്വാസികളായിരുന്ന യിസ്രായേൽ ജീവിച്ചതുപോലെയും, ദൂതന്മാർ പാപം ചെയ്തതുപോലെയും സൊദോമും ഗൊമോരയും അന്യ ജഡം മോഹിച്ചതുപോലെയും അനുസരണക്കേടിലാണ് അവർ ജീവിക്കുന്നത്.

ദുരുപദേഷ്ടാക്കന്മാർ തങ്ങളുടെ മൽസരത്തോടൊപ്പം എങ്ങനെ **സ്വപ്നാവസ്ഥയിലായിരുന്നു** എന്നു നിർണ്ണയിക്കുക പ്രയാസമാണ്. ആ വാക്കിനെ "മലിന സ്വപ്നം" എന്ന് തർജ്ജമ ചെയ്ത് കെജെവി അത് വ്യക്തമാക്കുവാൻ ശ്രമിച്ചിരിക്കുന്നു, പക്ഷെ ഗ്രീക്കിൽ "സ്വപ്നാവസ്ഥയിൽ" (*എനുപ്നിയാസോമായി*) ലൈംഗിക അധാർമ്മികതയെന്നോ, അല്ലെങ്കിൽ "മലിനം" എന്ന വാക്ക് ചേർക്കുകയോ ചെയ്തിട്ടില്ല. കെജെവി പറയുന്നത്, യൂദയുടെ മനസിലുണ്ടായിരുന്ന എതിരാളികൾ ദുർന്നടപ്പിന്, ലൈംഗിക ദുർന്നടപ്പിൽ ആയിരിക്കുവാൻ, ചെയ്യുവാൻ പോകുന്ന തെറ്റുകളെ "സ്വപ്നം" കണ്ടിരുന്നു എന്നാണ്. ഇതു വായിക്കുമ്പോൾ മീഖായുടെ വിവരണമാണ് മനസിൽ വരുന്നത്, "കിടക്കയിൽ, നീതികേട് നിരൂപിച്ചു," "തിന്മ ചെയ്യുന്നവർക്ക് അയ്യോ കഷ്ടം" (മീഖാ. 2:1).

ദൈവം അവർക്ക് സ്വപ്നത്തിൽ നൽകിയതാണ് തങ്ങളുടെ ഉപദേശവും അധാർമ്മികതയും എന്നാണ് യൂദായുടെ എതിരാളികൾ അവകാശപ്പെട്ടത് എന്നതിനു കൂടുതൽ സാധ്യതയുണ്ട്. അത് അങ്ങനെയാണെങ്കിൽ, കെജെവി കൂട്ടിച്ചേർത്ത "മലിന" മെന്ന വാക്ക് ആളുകളെ തെറ്റിദ്ധരിപ്പിക്കും. ജെ. എൻ. ഡി. കെല്ലി പറയുന്നതനുസരിച്ച്, ദുരുപദേഷ്ടാക്കന്മാർ "സ്വപ്നാവസ്ഥയിലായതിന്റെ" "കാരണം അവർ ദർശനാനുഭവത്തിന്റെ നിർവൃതിയിലായിരുന്നു, അല്ലെങ്കിൽ അതായിരുന്നു അവരുടെ ഉപദേശത്തിന്റേയും പരിശീലനത്തിന്റേയും ശക്തി എന്ന് അവകാശപ്പെട്ടിരുന്നു."[7] കെല്ലി പറയുന്നത് ശരിയായിരിക്കുവാൻ സാധ്യതയുണ്ട്.

ആളുകളുടെ വിശ്വാസം നേടുവാനും, തങ്ങളുടെ അവകാശവാദങ്ങൾ വിശ്വാസയോഗ്യമാണെന്നു വരുത്തുവാനും പഴയ കാലത്തും ആധുനിക കാലത്തും ദുരുപദേഷ്ടാക്കന്മാർ അവരുടെ ദർശനാനുഭവം അവകാശപ്പെടാറുണ്ട്. പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്ത് ഇത്തരം ഒരാളെ കാണുന്നു, പൗലൊസ് തന്റെ ദർശനങ്ങളും "അപ്പൊസ്തലന്മാരെന്ന് അവകാശപ്പെട്ടവരുടെ" ദർശനങ്ങളും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നു (2 കൊ. 12:1–4; 2 കൊ. 11:5; 12:11 നോക്കുക; എൻഐവി). കൊലൊസ്യ സഭയെ ഭീഷണിപ്പെടുത്തിയവർ, തങ്ങൾ കണ്ട "ദർശനങ്ങളിലായിരുന്നു" ഊന്നൽ കൊടുത്തത് (കൊലൊ. 2:18). ദുരുപദേഷ്ടാക്കന്മാർ "സ്വപ്നാവസ്ഥയിലായിരുന്നത്" ഇത്തരത്തിലായിരുന്നു എന്നതാണ് ശരിയായ വിശദീകരണം. കോമയിട്ട് എൻഎഎസ്ബി പറയുന്നത് "കൂടാതെ, സ്വപ്നാവസ്ഥയിലാകുകയും ചെയ്തു" എന്നാണ്. ജഡാഭിലാഷത്തിനായിട്ടായിരുന്നു ദുരുപദേഷ്ടാക്കന്മാർ "സ്വപ്നാവസ്ഥയിലായി" എന്ന് അവകാശപ്പെട്ടത്. അവർ തങ്ങളുടെ സ്വപ്നത്താൽ എന്ത് അവകാശപ്പെട്ടാലും, യൂദാ പറയുന്നത് അവരുടെ സ്വഭാവം സൊദോമിലേയും ഗൊമോരയിലേയും പുരുഷന്മാരുടേതിനു തുല്യമായിരുന്നു എന്നാണ്.

ദുരുപദേഷ്ടാക്കന്മാർ ഒരുവശത്ത്, **ജഡത്തെ മലിനമാക്കി**, മറുവശത്ത് **അധികാരത്തെ തള്ളിക്കളഞ്ഞു.** ഗ്രീക്കിലെ *മെൻ* ആന്റ് *ഡി* എന്ന വാക്കുകൾകൊണ്ട് ഈ പ്രയോഗത്തെ കൂടുതൽ യോജിക്കുന്നതാക്കുന്നു. ഈ ഭാഗത്തെ യൂദായുടെ വിവരണം 2 പത്രൊസ് 2:10 മായി കൂടുതൽ യോജിക്കുന്നതാണ്. സ്പഷ്ടമായും രണ്ട് പ്രയോഗങ്ങളും പറയുന്നത് "അധികാരത്തെ തള്ളുകയും," **മഹിമകളെ ദുഷിക്കയും ചെയ്യുന്നു** എന്നാണ്. രണ്ട് ലേഖകന്മാരും ദുരുപദേഷ്ടാക്കന്മാരുടെ അഹംഭാവത്തെ എടുത്തു കാണിക്കുന്നു.

"മഹിമകളെ ദുഷിക്കുന്നു" എന്നതുകൊണ്ട് യൂദാ അർത്ഥമാക്കിയത്

തർജിമ കുറച്ച് അർത്ഥം മാത്രമാണ് സൂചിപ്പിക്കുന്നത്. ഗ്രീക്കിൽ 2 പത്രൊസ് 2:10 നോട് തുലനം ചെയ്യാവുന്നതാണ്. കൂടുതൽ അക്ഷരികമായി തർജ്ജമ ചെയ്താൽ അവൻ പറയുന്നത്, "മഹിമകൾക്കെതിരെയുള്ള ദൂഷണം" എന്നാണ്. മറ്റു തർജ്ജമകളോടൊപ്പം എൻഏഎസ്ബി, "മഹിമകൾ" എന്നു പറഞ്ഞിരിക്കുന്നത് ദൂതന്മാരുടെ ശക്തിയെയാണ്. എന്നാൽ അത് അങ്ങനെ ആകണമെന്നില്ല. 2 പത്രൊസിന്റെ പരാമർശങ്ങളിൽ "മഹിമകൾ" എന്നു പറയുന്നത് സഭാധികാരികൾ എന്നു മനസിലാക്കണം എന്നു കാണുകയുണ്ടായി. മറ്റുള്ളവർ ആധികാരികമായി പറഞ്ഞിരിക്കുന്നത് "മഹിമകൾ" എന്നാണ്. മറ്റു പരിഗണനകൾ നോക്കുമ്പോൾ, എങ്ങനെ ദുരുപദേഷ്ടാക്കന്മാർ ദൂതന്മാരെ ദുഷിച്ച് മുന്നേറി എന്നു മനസിലാക്കുവാൻ പ്രയാസമാണ്. യൂദാ പറയുന്ന "അധികാരം" സഭയിൽ ക്രിസ്തുവിന്റെ പ്രതിനിധികൾക്ക് നൽകിയിരിക്കുന്നതാണ്, പ്രത്യേകിച്ച് അപ്പൊസ്തലന്മാർക്ക് (കൂടുതൽ വിവരങ്ങൾക്ക്, 2 പത്രൊസ് 2:10, 11 നോക്കുക).

**വാക്യം 9**. പുതിയ നിയമത്തിൽ, **മിഖായേൽ** ദൂതൻ എന്നു പേരെടുത്ത് പറഞ്ഞിരിക്കുന്നത് ഇവിടെയും വെളിപ്പാട് 12:7 ലുമാണ് ഉള്ളത്. ഇവിടെ മാത്രമാണ് അവനെ **പ്രധാന ദൂതൻ** എന്നു പറഞ്ഞത്. "പ്രധാന ദൂതൻ" എന്ന വാക്ക് ഇവിടെയും 1 തെസ്സലൊനിക്യർ 4:16 ലും കാണാം. മിഖായേൽ എന്നു പേരുള്ള ദൂതനെ ദാനിയേലിന്റെ പുസ്തകത്തിൽ മൂന്നു പ്രാവശ്യം "മഹാ പ്രഭു" എന്നു വിളിച്ചിരുന്നു (10:13, 21; 12:1). ആ പേരിന്റെ അർത്ഥം, "ദൈവത്തെ പോലെ ആരുള്ളു?" എന്നാണ്. വേറൊരു ദൂതന് ബൈബിളിൽ പേർ പറഞ്ഞിരിക്കുന്നത് ഗബ്രിയേൽ എന്നാണ് (ദാനി. 8:16; 9:21; ലൂക്കൊ. 1:19, 26). ദൈവശ്വാസിയമല്ലാത്ത തോബിത് എന്ന പുസ്തകത്തിലുടെനീളം റാഫേൽ എന്നു പേരുള്ള ഒരു ദൂതനെ കുറിച്ചു പറഞ്ഞിട്ടുണ്ട്.[8] ഗബ്രിയേൽ എന്ന പേരിന്റെ അർത്ഥം, "ശക്തിയുള്ള ദൈവപുരുഷൻ." റാഫേൽ എന്ന പേരിന്റെ അർത്ഥം "ദൈവം സൗഖ്യമാക്കുന്നു."

**മോശെയുടെ ശരീരത്തെ** കുറിച്ച് മിഖായേൽ **പിശാചിനോട്** തർക്കിച്ച കാര്യം പഴയനിയമത്തിൽ പറയുന്നില്ല. അങ്ങനെയാകുമ്പോൾ, യൂദാക്ക് അത് ലഭിച്ച ഉറവിടത്തെ കുറിച്ച് നാം സംശയിക്കും. ആ സംഭവം ബൈബിളിൽ ഇല്ലെന്നു മാത്രമല്ല, യൂദാക്ക് മുമ്പുള്ള പുരാതന രേഖകളിലൊന്നും കാണുന്നില്ല. എങ്ങനെയായാലും, രണ്ട് നിയമങ്ങൾക്കിടക്ക് പ്രസിദ്ധീകരിച്ച എഴുത്തായ അസംഷൻ ഓഫ് മോസെസ് എന്ന പുസ്തകത്തിൽ മിഖായേൽ മോശെയുടെ ശരീരത്തെ കുറിച്ച് പിശാചിനോട് വാദിച്ചതായി പറഞ്ഞിരിക്കുന്നത് പ്രാരംഭ ക്രിസ്ത്യാനികളിൽ പലരും വിശ്വസിച്ചിരുന്നതായി പറയപ്പെടുന്നു. ഇരുപത്തി-യൊന്നാം നൂറ്റാണ്ടിലെ കാഴ്ചപ്പാട് അനുസരിച്ച്, യൂദക്ക് ആ സംഭവം ലഭിച്ചത് ആ ഉറവിടത്തിൽനിന്നാണെന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്.

പുരാതന കാലം മുതൽ സൂക്ഷിച്ചിരുന്ന തലക്കെട്ടില്ലാത്ത ഒരു പുസ്തകത്തിന്റെ ഭാഗത്തിലെ ഉള്ളടക്കം പരിശോധിച്ചതിൽനിന്നും അതിനെ കൃത്യമായും അറിയപ്പെട്ടിരുന്നത് മോശെയുടെ നിയമം എന്നാണ്.[9] ചിലർ കരുതുന്നത് മോശെയുടെ നിയമവും, അസംഷൻ ഓഫ് മോസെസും ഒന്നു തന്നെയാണ് എന്നത്രെ. മോശെയുടെ നിയമം എന്ന പുസ്തകത്തിന്റെ ഒരു ഭാഗം അവശേഷിച്ചിട്ടുള്ളതിൽ മോശെയുടെ ശരീരത്തെ കുറിച്ച് മിഖായേൽ പിശാചിനോട് വാദിച്ചത് കാണുന്നില്ല. അവശേഷിച്ച ഭാഗം തന്നെയാണോ അസംഷൻ ഓഫ്

മോസെസ് എന്നു തീർത്തു പറയാവുന്നതല്ല. അവസാനം, ആ സംഭവത്തിന്റെ ഉത്ഭവം എവിടെനിന്നായിരുന്നു എന്നു പറയുക നിർവ്വാഹമില്ല എന്നു സമ്മതിക്കണം. ഭാഗ്യവശാൽ, ഈ കാര്യത്തിലെ നമ്മുടെ അറിവില്ലായ്മ നിമിത്തം യൂദായുടെ പോയിന്റ് മങ്ങിപോകുകയില്ല.

മിഖായേലും പിശാചും തമ്മിലുള്ള വാദം മറ്റു ചോദ്യങ്ങളും ഉയർത്തുന്നു. ആ സംഭവം വാസ്തവത്തിൽ നടന്നതാണോ? ചരിത്രത്തിൽ ഏതെങ്കിലും സമയത്ത് മോശെയുടെ ശരീരത്തെ കുറിച്ച് മിഖായേലും പിശാചും തമ്മിൽ തർക്കിച്ചിരുന്നോ? ബൈബിൾ ലേഖകന്മാർ ചരിത്രം രചിക്കുന്ന സാക്ഷ്യം ഉന്നയിക്കുമ്പോൾ വിശാലമായ ചോദ്യങ്ങളാണ് ഉയരുന്നത്. യൂദാ ഈ സംഭവത്തെ വിവരിച്ചതിനാൽ, അത് വാസ്തവത്തിലുള്ള സമയത്ത് നടന്നിരിക്കണമെന്നാണോ അർത്ഥം?

ആ ചോദ്യങ്ങളെല്ലാം പ്രസക്തമാണ് കാരണം നാം പറയുന്ന "ദൈവശ്വാസിയം" എന്ന വാക്ക് ബൈബിൾ ഒരു ചരിത്രരേഖയായി മനസിലാക്കുവാൻ ആവശ്യമാണ്. ബൈബിളിൽ വിവരിച്ചിരിക്കുന്ന എല്ലാ സംഭവങ്ങളും യഥാർത്ഥ സമയത്ത് അങ്ങനെ തന്നെ സംഭവിച്ചിരിക്കണമെന്നില്ല. ഉദാഹരണമായി, "ഒരു മനുഷ്യൻ യെരുശലേമിൽനിന്ന് യെരീഹോവിലേക്ക് പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു" എന്നു പറഞ്ഞപ്പോൾ, അവന്റെ വാക്കുകളിലെല്ലാം ഒരു ചരിത്ര രേഖ അടങ്ങിയിരിക്കുന്നതായി തോന്നും (ലൂക്കൊ. 10:30). എങ്ങനെയായാലും, ആ പ്രസ്താവന ഒരു ഉപമയുടെ ഭാഗമായിരുന്നു. ഉപമയുടെ സ്വഭാവം വിശ്വാസയോഗ്യമായ രംഗം ആണ് അത് കാണിക്കുന്നത് എന്നതാണ് പ്രത്യേകത, പക്ഷെ അത് ചരിത്രമൊന്നും അവകാശപ്പെടുന്നില്ല. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഗിദെയോന്റെ മക്കളിൽ ഒരാളായ, യോഥാം ശേഖേമിലെ ആളുകളുടെ മുൻപിൽ ഒരു കെട്ടുകഥ അവതരിപ്പിച്ചു. "പണ്ടൊരിക്കൽ വൃക്ഷങ്ങൾ തങ്ങൾക്ക് ഒരു രാജാവിനെ അഭിഷേകം ചെയ്‌വാൻ പോയി" (ന്യായാ. 9:8). തീർച്ചയായും യഥാർത്ഥ സമയത്ത് നടന്ന സംഭവമായിരുന്നില്ല യോഥാം പറഞ്ഞത്. ശേഖേമിലെ ആളുകളെ ഒരു ഗുണപാഠം പഠിപ്പിക്കുവാൻ അവൻ ഒരു കെട്ടുകഥ അവതരിപ്പിച്ചു എന്നു മാത്രം.

ഒരു പ്രസ്താവന യഥാർത്ഥ സമയത്ത് നടന്നതാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് ആ സന്ദർഭം ആയിരിക്കും. മോശെയുടെ ശരീരത്തെ കുറിച്ച് മിഖായേൽ പിശാചിനോട് വാദിച്ച സംഭവം വിവരിച്ചിരിക്കുന്ന സന്ദർഭം അത് മനസിലാക്കുവാൻ നമ്മെ വലുതായി സഹായിക്കുന്നില്ല. എങ്ങനെയായാലും, ആ സംഭവം യൂദാക്കും അവന്റെ വായനക്കാർക്കും മനസിലാകുന്ന ഒന്നായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. യൂദാ വായനക്കാരെ ബോധ്യപ്പെടുത്തുവാൻ ആഗ്രഹിച്ച പോയിന്റ് മനസിലാക്കുവാൻ ആ സംഭവം യഥാർത്ഥസമയത്ത് സംഭവിക്കണമെന്നില്ല. യൂദാ വിവരിച്ച സംഭവം വാസ്തവത്തിൽ സംഭവിച്ചതാണോ അതോ അത് ഒരു ചിത്രീകരണമാണോ എന്ന കാര്യത്തിൽ ക്രിസ്ത്യാനികൾക്ക് തമ്മിൽ അഭിപ്രായ വ്യത്യാസം കണ്ടേക്കാം. ആ സംഭവം പഴയ നിയമത്തിൽ പറഞ്ഞിട്ടില്ല എന്ന കാര്യം തർക്കമറ്റതാണെന്ന് തീർത്തു പറയാം.

യൂദാ പ്രചാരത്തിലിരുന്ന ഒരു സംഭവം വിവരിച്ചാലും, അല്ലെങ്കിൽ ചരിത്രത്തിൽ യഥാർത്ഥത്തിൽ സംഭവിച്ച കാര്യം വിശദീകരിച്ചാലും പോയിന്റിന് വ്യത്യാസം വരുന്നില്ല. ഈ കാര്യത്തിൽ, ചരിത്രത്തിൽ സംഭവിച്ചതിനെ ആസ്പദമാക്കിയുള്ളതല്ല യൂദായുടെ പോയിന്റ്. എന്നാൽ മറ്റു സന്ദർഭങ്ങളിൽ, ബൈബിൾ ഉപദേശം നടന്ന ചരിത്ര സംഭവത്തെ ആസ്പദമാക്കിയും പറയു

ന്നുണ്ട്. സുരക്ഷിതമായ ഒരു നിയമം ഇതാണ്: ബൈബിൾ എഴുത്തുകാരൻ ചരിത്ര സംഭവത്തെ ആസ്പദമാക്കി ഒരു വിലയുള്ള പോയിന്റ് പറയുമ്പോൾ, വായനക്കാരൻ, അത് ഒരു ചരിത്ര സാക്ഷ്യമായി എടുക്കണം. നേരെ മറിച്ച്, പോയിന്റ് സാധൂകരിക്കുവാൻ നടന്ന സംഭവം പറയുന്നില്ലെങ്കിൽ, ലേഖകൻ അതിന് ചരിത്രമൊന്നും അവകാശപ്പെടുന്നില്ല എന്നു വരുന്നു.

നിഷേധം അൽപം സ്പഷ്ടമല്ലാത്തതാണെങ്കിലും, യൂദാ ഉപയോഗിച്ചത് ചെറിയതിൽനിന്ന് വലിയതിലേക്ക് ഉള്ള വാദമായിരുന്നു. അർത്ഥം ഇതാണ്: പിശാചിനോട് **തർക്കിച്ചപ്പോൾ,** [പിശാചിനെതിരെ] **മിഖായേൽ ദൂഷണവിധി ഉച്ചരിച്ചില്ലെങ്കിൽ**, ദുരുപദേഷ്ടാക്കന്മാർക്ക് "മനസിലാകാത്ത കാര്യങ്ങളെ ദുഷിക്കുവാൻ" അവർക്ക് യാതൊരു അവകാശവുമില്ല. മിഖായേൽ വിധി ദൈവത്തിനായി ഏൽപ്പിക്കുകയായിരുന്നു. അവൻ പറഞ്ഞു, **"കർത്താവ് നിന്നെ ഭർത്സിക്കട്ടെ."** അത്തരം പ്രവൃത്തിയായിരുന്നു മിഖായേലിന് ഉചിതം എങ്കിൽ മർത്യരും അങ്ങനെ തന്നെയാണ് ചെയ്യേണ്ടത്.

**വാക്യം 10**. ക്രിസ്തീയ സന്ദേശത്തോട് വിട്ടുവീഴ്ച്ച ചെയ്തവരോട് പത്രൊസിനെ പോലെ യൂദയും അനിയന്ത്രിതമായി കുറ്റം വിധിച്ചില്ല. അങ്ങനെ **ഇവരും** എന്നു പറഞ്ഞതിൽ തീർച്ചയായും വെറുപ്പ് അടങ്ങിയിരുന്നു. വാക്യം 8-ൽ, "അതുപോലെ ഇവരും" എന്നു പറഞ്ഞിട്ട്, വാക്യം 12-ൽ പറയുന്നു, "അവർ മറഞ്ഞു കിടക്കുന്ന പാറകൾ" ആണ്.

സഭയെ നയിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരെ "ദൂഷിക്കുന്നവർ" എന്നാണ് വാക്യം 8-ൽ യൂദാ അവരെ കുറിച്ച് പറഞ്ഞത്. ഒരാൾ മറ്റൊരാളെ "ദുഷിക്കുന്നത്" വെറുപ്പോടുകൂടെ ആയിരിക്കും. ദൈവത്തെ ഒരാൾ ദുഷിക്കുന്നതിനെ "ദൈവദൂഷണം" എന്നു പറയും. എൻഐവി തർജ്ജമ ചെയ്തിരിക്കുന്നത്, "അവർ തങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയാത്തതിനെയാണ് ദുഷിക്കുന്നത്." എൻഏഎസ്ബി പറയുന്നത് അവർ **മനസിലാകാത്തതിനെ ദൂഷിക്കുന്നു** എന്നാണ്.

അവരുടെ സ്വയം-വരുത്തി വെച്ച അജ്ഞതയും സ്വയം-അനുമോദിക്കുന്ന അധർമ്മവും ആണ് ദുഷ്ക്കാമവൃത്തിക്ക് ഹേതുവായത് (വാ. 4). "അവരുടെ" അത്തരം ചിന്തയും ക്രിസ്തുവിന്റെ നാമത്തിന് അവർ വരുത്തുന്ന അപകടവും യൂദാക്ക് സഹിക്കാവുന്നതിലധികമായിരുന്നു. അവൻ തന്റെ ചിന്ത തുറന്ന്-അടിച്ചു സംസാരിച്ചു. വാക്യത്തിന്റെ അവസാനം തർജ്ജമ ചെയ്ത് യൂദായുടെ താൽപര്യത്തെ ഇങ്ങനെ പറഞ്ഞു, "... അവർ ജന്മസിദ്ധമായി മനസിലാക്കിയത് ബുദ്ധിയില്ലാത്ത ജന്തുക്കളെ പോലെയായിരുന്നു-അത് അവർക്ക് തന്നെ നാശം വരുത്തും."[10]

അത്തരം അറിവ് "അവരെ" ജന്മസിദ്ധമായി ബുദ്ധിയില്ലാത്ത ജന്തുക്കളെ പോലെയാക്കി എന്നായിരുന്നു യൂദാ പറഞ്ഞത്. അവർ ചെയ്തത് തങ്ങളുടെ നിലനിൽപ്പിനു വേണ്ടിയുള്ള സമ്പാദനം ആയിരുന്നു. അത് മാത്രമല്ല, ദുരുപദേഷ്ടാക്കന്മാർ അറിയിച്ച കാര്യങ്ങൾ അവർക്ക് "മനസിലായിരു[ന്നില്ല]." ക്രിസ്തു വിഷയമാകുമ്പോൾ, സുവിശേഷം അനുസരിക്കുന്ന സമയത്ത് മനസിലാക്കുന്ന കാര്യമാണ് എന്നതാണ് യൂദാ സൂചിപ്പിക്കുന്നത്. മൽസ്യം വെള്ളത്തിൽ ജീവിക്കുന്നതുപോലെയാണ് ക്രിസ്ത്യാനികൾ ക്രിസ്തുവിൽ ജീവിക്കുന്നത്. അതിൽനിന്നു വ്യത്യസ്തമായി, ദുരുപദേഷ്ടാക്കന്മാർ തങ്ങളുടെ ജഡത്തിലാണ് ജീവിച്ചിരുന്നത്. ഒരു കടൽജീവി വെള്ളത്തിൽ എങ്ങനെ ജീവിക്കണമെന്ന് ശീലിക്കുന്നതുപോലെ, അവർ ക്രിസ്തുവിൽ എങ്ങനെ ജീവി

ക്കണം എന്നു ശീലിക്കേണ്ടിയിരുന്നു. ഒരാൾ ക്രിസ്തുവിൽ ആയാൽ, ക്രിസ്തു നൽകുന്ന സമാധാനത്തെയും, അവൻ തന്റെ ജനം എങ്ങനെ ജീവിക്കണം എന്ന് കൽപിച്ചിരിക്കുന്നുവോ അത് മനസിലാക്കണം. "ആ മനുഷ്യർ" എന്തു തന്നെ അവകാശപ്പെട്ടാലും, അവർ ക്രിസ്തുവിനെ ആയിരുന്നില്ല അനുഗമിച്ചത്. അക്കാരണത്താൽ അവർ കാര്യങ്ങൾ മനസിലാക്കാത്തവരായിരുന്നു.

അ-വിശ്വാസികൾക്ക് അറിയാത്ത ആത്മിയ കാര്യങ്ങൾ ക്രിസ്ത്യാനികൾക്ക് മനസിലാക്കുവാൻ കഴിയുമെന്ന് യൂദായെ പോലെ, പൗലൊസും പറഞ്ഞു. അത് പറഞ്ഞിരിക്കുന്നത് 1 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിലാണ്: "എന്നാൽ പ്രാകൃത മനുഷ്യൻ ദൈവത്തിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവന്നു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല" (1 കൊ. 2:14). യൂദായും അതുപോലെ തന്നെയാണ് പറഞ്ഞത്. ആ മനുഷ്യർ, ക്രിസ്തുവിനെ അറിയുന്നില്ല എന്നാണ് അവൻ പറഞ്ഞത്. അവർ **സഹജമായവയിൽ** ആശ്രയിച്ച് പ്രാകൃതമായ നിലയിൽ ജീവിക്കുകയാണ്. അവർ **ബുദ്ധിയില്ലാത്ത ജന്തുക്കളെ പോലെ** ആയിരുന്നു. ക്രിസ്ത്യാനികൾക്ക് നല്ലതാണെന്ന് അവർ പറഞ്ഞ കാര്യങ്ങൾ അവരെ ദൈവത്തിൽനിന്നും അകറ്റുന്നവയായിരുന്നു. ദുരുപദേഷ്ടാക്കന്മാരുടെ പാത എവിടേക്കാണ് പോകുന്നത് എന്ന് യൂദാക്ക് നല്ല ബോധ്യമുണ്ടായിരുന്നു. **ആ കാര്യങ്ങൾ അവരെ നശി**[പ്പിക്കും] എന്ന് യൂദാ തന്റെ വായനക്കാരെ അറിയിക്കുവാൻ ആഗ്രഹിച്ചു. ദുരുപദേഷ്ടാക്കന്മാരെ പിൻപറ്റിയാൽ അവരുടെ നാശത്തിൽ തന്റെ സഹോദരന്മാരും സഹോദരിമാരും കുടുങ്ങും എന്ന് യൂദ വിചാരപ്പെട്ടിരുന്നു (വാ. 3, 4).

**വാക്യം 11.** യൂദാ തന്റെ പോയിന്റ് തുടർച്ചയായി ഊന്നി പറഞ്ഞുകൊണ്ടിരുന്നു. **അവർക്ക് അയ്യോ കഷ്ടം!** അവൻ പറഞ്ഞത്. മറ്റുള്ളവരെ പോലെ, ദൈവത്തോട് മൽസരിച്ചവർ കർത്താവിന്റെ കോപമുള്ള വിധി നേരിട്ടിരുന്നു. അവൻ മുൻപ് ചെയ്തതുപോലെ, തന്റെ പോയിന്റ് സ്ഥിരീകരിക്കുവാൻ പഴയ നിയമത്തിൽനിന്ന് യൂദാ മൂന്ന് ഉദാഹരണങ്ങൾ എടുത്ത് പറഞ്ഞു. (1) ദുരുപദേഷ്ടാക്കന്മാർ **കയീന്റെ വഴിയിലാണ്** നടക്കുന്നത്. (2) **ബിലെയാമിന്റെ വഞ്ചനയിലാണ്** അവർ കുടുങ്ങിയത്. (3) അതിനുപുറമെ, ദൈവത്തിനെതിരായി പ്രവർത്തിച്ച് അവർ മറ്റുള്ളവരെ പോലെ തങ്ങൾക്ക് തന്നെ മഹത്വം കൊടുത്തു. അവരെ പിടിപെട്ടിരുന്നത് **കോരഹിന്റെ മൽസരത്തിലായിരുന്നു.** യൂദാ മുൻപ് തന്റെ എതിരാളികളെ മൂന്നു കൂട്ടം ഉദാഹരണങ്ങൾ ഓർപ്പിച്ചു: അവിശ്വാസികളായ യിസ്രായേൽ, മൽസരിച്ച ദൂതന്മാർ, സൊദോം നിവാസികൾ (വാ. 5-7). അപ്പോഴും, പഴയനിയമത്തിലെ മൂന്നു ഉദാഹരണങ്ങൾ കാണിച്ച് അവരുടെ ബുദ്ധിയെ തുറക്കുവാനാണ് ശ്രമിച്ചത്. മൂൻപ് പറഞ്ഞ ഉദാഹരണങ്ങളെ കൂട്ടമായിട്ടായിരുന്നു പറഞ്ഞത്: യിസ്രായേല്യർ, ദൂതന്മാർ, സൊദോം നിവാസികൾ. ഈ വാക്യത്തിൽ ദൈവം വിധിച്ച വ്യക്തികളുടെ ഉദാഹരണങ്ങൾ ആയിരുന്നു നൽകിയത്.

തന്നോട് എതിർക്കുന്നവരെ ദൈവം വിധിക്കുമെന്ന് കാണിക്കുവാൻ ഈ പ്രത്യേക ഉദാഹരണങ്ങൾ യൂദാ എടുത്തു കാണിക്കുവാൻ ചുരുങ്ങിയത് മൂന്നു കാരണങ്ങൾ കാണാം. ഒന്ന്, ആ മൂന്നും യൂദാക്കും തന്റെ വായനക്കാർക്കും അറിയാവുന്നതായിരിക്കണം. വിഷയം ദുഷ്ട ജനം ആണെങ്കിൽ, ആ മൂന്നു ഉദാഹരണങ്ങളും മികച്ചതു തന്നെയാണ്. രണ്ട്, പ്രത്യേക കാരണമില്ലാതെ തന്നെയായിരിക്കാം യൂദാ ആ മൂന്നു ഉദാഹരണങ്ങളും തിരഞ്ഞെടുത്തത്.

ബൈബിളിൽ പറഞ്ഞ നീണ്ടലിസ്റ്റിൽനിന്ന് ഏതാനും തിരഞ്ഞെടുത്തു എന്നു മാത്രം. മൂന്ന്, യൂദാ നേരിട്ട പ്രത്യേക ഉപദേഷ്ടാക്കന്മാരോട് അറിയിക്കുവാൻ ഉചിതമായ ഉദാഹരണങ്ങൾ ആയിരുന്നേക്കാം അവ. ദൈവത്തോടുള്ള അവരുടെ അനുസരണക്കേട് തന്നെ ആയിരുന്നേക്കാം യൂദായുടെ എതിരാളികളുടേതും.

യൂദാ നേരിട്ട ദുരുപദേഷ്ടാക്കന്മാരുടെ ജീവിതത്തിൽ "കയീന്റെ വഴിയിൽ" നടന്നു എന്നു പറയത്തക്ക കാര്യങ്ങൾ ഉണ്ടായിരുന്നോ? കയീന്റെ സംഭവം-അവന്റെ മൽസരവും അതിന്റെ അനന്തരഫലങ്ങളും വിവരിച്ചിരിക്കുന്നത് ഉൽപത്തി 4 ൽ ആണ്. കയീന് തന്റെ സഹോദരനോട് കോപം ജനിച്ചപ്പോൾ, ദൈവം അവന്നു പ്രത്യക്ഷനായി. അവന്റെ കോപത്തിൽ ദൈവം ഇടപെട്ടു. അവനോട് മനസലിവോടെ സംസാരിച്ചു. അവൻ എന്തുകൊണ്ടാണ് സഹോദരനോട് കോപിച്ചത് എന്നു ദൈവം ചോദിച്ചു, പക്ഷെ കയീന്റെ കോപത്തിന് നീതീകരണം ഇല്ലായിരുന്നു. ദൈവം പറഞ്ഞു, "നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദം ഉണ്ടാകയില്ലയോ? നീ നന്മ ചെയ്തില്ലെങ്കിലോ, പാപം നിന്റെ വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കൽപിച്ചു" (ഉല്. 4:7). അതിന്റെ ശേഷം, ചുരുങ്ങിയ വാക്കിലാണ് സംസാരിച്ചത്. അത് വായിക്കുന്നത് "കയീൻ തന്റെ സഹോദരനോട് പറഞ്ഞു" (ഉല്. 4:8). ദൈവത്തോട് നടത്തിയ സംഭാഷണം സ്പഷ്ടമായും അവൻ പറഞ്ഞിരിക്കും. അതിനെ കുറിച്ച് ഒന്നും പറയുന്നില്ലെങ്കിലും, സഹോദരന്മാർ തമ്മിൽ വാക്ക് തർക്കം ഉണ്ടായി കാണും. അടുത്ത വാക്കുകൾ നാം വായിക്കുന്നത് അവർ വയലിലേക്ക് പോകുകയും കയീൻ തന്റെ സഹോദരൻ ഹാബേലിനെ കൊല്ലുകയും ചെയ്തു എന്നാണ്.

പുതിയ നിയമകാലത്തെ യെഹൂദന്മാർ കയീന്റെ സംഭവത്തോട് ആകൃഷ്ടരായിരുന്നു. യൂദായുടെ വായനക്കാരിൽ ഭൂരിഭാഗവും യെഹൂദന്മാരിൽനിന്നു ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്തവരായിരുന്നുവെങ്കിൽ, കയീനെ കുറിച്ചുള്ള സങ്കൽപം ചിലരെങ്കിലും കേട്ടിരിക്കുവാനിടയുണ്ട്. സങ്കൽപത്തെ മാറ്റി നിർത്തിയാലും, കയീന് ദൈവനിർദ്ദേശത്തോട് യാതൊരു ചായ്‌വും ഇല്ലായിരുന്നു എന്നു ഉൽപത്തി പുസ്തകം വായിച്ചാൽ മനസിലാകും. ആ ദുരുപദേഷ്ടാക്കന്മാരെ പോലെ അവനും ദൈവത്തിന്റെ ക്ഷമയെയും ഉത്തേജനത്തെയും തള്ളിക്കളഞ്ഞിരുന്നു. പിശാചിനെതിരെ ദൂഷണവിധി ഉച്ചരിപ്പാൻ പ്രധാന ദൂതനായിരുന്ന മിഖായേൽ തയ്യാറായില്ല (വാ. 9). എന്നാൽ യൂദായുടെ എതിരാളികൾ യാതൊരു നിയന്ത്രണവുമില്ലാതെ അപ്പൊസ്തൊലിക അധികാരത്തെ ദുഷിക്കുകയായിരുന്നു. അവർ മിഖായേലിന്റെ മാതൃക പിൻപറ്റുന്നതിനു പകരം, കയീന്റെ മാതൃകയായിരുന്നു പിൻപറ്റിയത്. ദൈവം അവർക്ക് നൽകിയ നിർദ്ദേശങ്ങളെ അവഗണിച്ച്, തങ്ങൾക്ക് തന്നെ നാശം വരുത്തി. കയീന്റേത് ആകസ്മിക സംഭവമായിരുന്നില്ല. അവന്റെ പെരുമാറ്റം യൂദായുടെ എതിരാളികളുടേതിനു തുല്യമായിരുന്നു.

"ബിലെയാം" കൂലിക്കുള്ള പ്രവാചകനായിരുന്നു. അവനെ കുറിച്ച് കൂടുതൽ അറിഞ്ഞിരുന്നുവെങ്കിൽ എന്നു നാം ആഗ്രഹിച്ചുപോകുന്നു. അവനെ എങ്ങനെ വിളിച്ചു? അവൻ ഏതു തരത്തിലുള്ള മനുഷ്യനായിരുന്നു? തന്റെ വചനം സംസാരിക്കുവാൻ ചില യോഗ്യതകൾ അവനുണ്ടായിരുന്നതിനാലാണ് ദൈവം അവനെ വിളിച്ചത്. ബിലെയാമിന്റെ മുഖ്യകാര്യങ്ങൾ സംഖ്യാപുസ്തകം 22-24 ൽ കാണാം. മോവാബ് രാജാവ് അവനെ ശ്രദ്ധിച്ചത് അവന്

ഇഷ്ടമായി. ബാലാക്ക് മാന്യ വ്യക്തികളെ സമ്മാനങ്ങളുമായി അവന്റെ അടുക്കലേക്ക് അയച്ചു. പ്രവാചകൻ ഇളകി പോയി. അവൻ പോകുവാൻ ആഗ്രഹിച്ചു, പക്ഷെ അവൻ ദൈവത്തിന്റെ ദാസൻ ആയിരുന്നു. ദൈവം പറഞ്ഞു, "പോകരുത്" (സംഖ്യാ. 22:12).

ഒരു പക്ഷെ ബാലാക്കിന്റെ ആളുകൾ പറഞ്ഞത്, ബിലയാമിന് അത്ര സ്വീകാര്യമായി കാണുകയില്ല. മോവാബ് രാജാവ്, മാഹാത്മ്യമുള്ള മാന്യന്മാരെ കൂടുതൽ പണവുമായി വീണ്ടും അയച്ചു. ഇപ്പോൾ ബിലയാം ആ സന്ദേശവാഹകരോടുകൂടെ പോകുവാൻ വാസ്തവത്തിൽ ആഗ്രഹിച്ചു. ദൈവം അവനോട്, ഫലത്തിൽ പറഞ്ഞു, "പോയി നീ നിർണ്ണയിച്ചതുപോലെ ചെയ്ക." "ബിലെയാമിന്റെ തെറ്റ്" അവൻ ദൈവത്തെ സമ്മർദ്ദത്തിലാഴ്ത്തി അവന്റെ വചനത്തെ ഏറ്റവും വലിയ ലേലത്തുകക്ക് വിൽക്കുവാൻ ശ്രമിച്ചതായിരുന്നു.

കാര്യങ്ങൾ വന്നപ്പോൾ, ബിലെയാം യിസ്രായേലിനെ ശപിക്കുകയായിരുന്നില്ല, അനുഗ്രഹിക്കുകയായിരുന്നു ചെയ്തത്, എന്നാൽ ബിലെയാം മുഴുവനായും പരാജയപ്പെട്ടില്ല. ബാലാക്കിനു തന്റെ പണത്തിനുള്ളത് ലഭിച്ചു. പിന്നീട് മോവാബ്യ സ്ത്രീകളോടുള്ള യിസ്രായേലിന്റെ ചായ്‌വിനെ കുറിച്ച് മോശെ ഇങ്ങനെ പറഞ്ഞു, "ഇവരത്രെ പെയോരിന്റെ സംഗതിയിൽ ബിലെയാമിന്റെ ഉപദേശത്താൽ യിസ്രായേൽമക്കൾ യഹോവയോട് ദ്രോഹം ചെയ്‌വാനും യഹോവയുടെ സഭയിൽ ബാധ ഉണ്ടാകുവാനും ഹേതുവായത്" (സംഖ്യാ. 31:16; വെളി. 2:14 നോക്കുക). എങ്ങനെ യിസ്രായേലിനെ ഭോഗേച്ഛയാൽ പാപം ചെയ്യിക്കാമെന്ന് ബിലെയാം മോവാബിനെ കാണിച്ചു കൊടുത്തു. ബിലെയാമിന്റെ ഉദാഹരണം പോലെ, കയീന്റെ ഉദാഹരണം പോലെ തന്നെയായിരുന്നു യൂദാ നേരിട്ട ദുരുപദേഷ്ടാക്കന്മാർ.

മൽസരിച്ച മൂന്നു വ്യക്തികളുടെ ഉദാഹരണം യൂദാ പറഞ്ഞതിൽ, ബിലെയാമിന്റേതു മാത്രമാണ് പത്രൊസ് പറഞ്ഞത് (2 പത്രൊ. 2:15). യൂദായുടെ പുസ്തകത്തിൽ പറഞ്ഞ പ്രവാചകന്റെ രണ്ട് സ്വഭാവങ്ങൾ ദുരുപദേഷ്ടാക്കന്മാരിൽ കാണാം. ഒന്ന്, അവന്റെ ആലോചനയാൽ മോവാബിന് യിസ്രായേലിനെ ഭോഗേച്ഛയിലേക്കും വിഗ്രഹാരാധനയിലേക്കും വഴി തെറ്റിക്കുവാൻ കഴിഞ്ഞു. ബിലെയാമിനെ പോലെ, ദുരുപദേഷ്ടാക്കന്മാർ ആളുകളെ ദുഷ്ക്കാമവൃത്തിയിലേക്ക് നയിക്കുവാൻ തുടങ്ങി. രണ്ട്, ബിലെയാമിന്റെ പ്രഥമ താൽപര്യം നൽകിയ പണത്തിലായിരുന്നു. അവനെ പോലെ, ദുരുപദേഷ്ടാക്കന്മാർ ദൈവമഹത്വത്തെക്കാൾ, സ്വന്ത നേട്ടമായിരുന്നു കണക്കാക്കിയത്. കൂലി കൊതിച്ച പ്രവാചകനായിട്ടാണ് പത്രൊസും യൂദയും ബിലെയാമിനെ കുറിച്ചു പറഞ്ഞത്. അതുപോലെ, ദുരുപദേഷ്ടാക്കന്മാർ തങ്ങളുടെ സ്വന്ത ലാഭത്തിനായി ദൈവജനത്തെ ചൂഷണം ചെയ്യുകയായിരുന്നു. അനുസരണക്കേടിന്റെ പ്രത്യക്ഷ ഉദാഹരണമായിട്ടാണോ യൂദാ ബിലെയാമിനെ കാണിച്ചത്? വ്യക്തമായിട്ടുമല്ല. ദാൻ നേരിട്ട ദുരുപദേഷ്ടാക്കന്മാർ ബിലെയാമിന്റെ പാരമ്പര്യം തുടരുകയാണ് എന്നത്രെ അവൻ പറഞ്ഞത്.

ബിലെയാം ഒരു പ്രവാചകനായിരിക്കെ കൂലി കൊതിച്ചു എന്നു യൂദാ അവനെ കുറ്റപ്പെടുത്തിയതിനാൽ പുതിയനിയമത്തിൽ മുഴുവൻ സമയ ഉപദേഷ്ടാക്കന്മാരായി പ്രവർത്തിക്കുന്നവരെ ബഹുമാനിച്ച് അവർക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനെ ഒരിക്കലും തെറ്റായി കാണാവുന്നതല്ല (1 കൊ. 9:3-14; 1 തിമൊ. 5:17, 18). എങ്ങനെയായാലും, ദൈവരാജ്യത്തിൽ മുഴുവൻ സമയ പ്രവർത്തകനായി സേവനം നടത്തുന്ന ആൾ പണത്തിനു

വേണ്ടി ജോലി ചെയ്യുന്ന വൈദ്യനേയും ഇലക്ട്രീഷ്യനേയും പോലെ അല്ല. അയാൾ അങ്ങനെ ചെയ്താൽ അത് കൂലിക്ക് വേണ്ടി ചെയ്യുന്ന വ്യക്തിയാകും. അയാൾ ദൈവത്തിനു വേണ്ടിയാണ് ജോലി ചെയ്യുന്നത്, ദൈവത്തോട് കണക്കു കൊടുക്കുകയും വേണം.

മോശെക്കും അഹരോനും കൊടുത്ത പൗരോഹിത്യത്തിൽ തനിക്ക് പങ്കു ലഭിക്കാതിരുന്നതിനാലാണ് "കോരഹ്" ദൈവത്തോട് മൽസരിച്ചത്. അവന്റെ സംഭവം സംഖ്യാപുസ്തകം 16:1-11 ൽ കാണാം. കോരഹും അവനോടുകൂടെയുണ്ടായിരുന്ന കൂട്ടുകാരും ചേർന്ന് മോശെയുടെ നേതൃത്വത്തോട് എതിർത്തു. അവർ മോശെയോടും അഹരോനോടും പറഞ്ഞു, "മതി, മതി; സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധരാകുന്നു; യഹോവ അവരുടെ മദ്ധ്യേ ഉണ്ട്; പിന്നെ നിങ്ങൾ യഹോവയുടെ സഭെക്കു മീതെ നിങ്ങളെ തന്നെ ഉയർത്തുന്നത് എന്ത്?" എന്നു പറഞ്ഞു (സംഖ്യാ. 16:3). മോശെ അവരുടെ വെല്ലുവിളിയോട് ഇങ്ങനെ പ്രതികരിച്ചു, "യഹോവയുടെ തിരുനിവാസത്തിലെ വേല ചെയ്വാനും സഭയുടെ ശുശ്രൂഷക്കായി അവരുടെ മുമ്പാകെ നിൽപാനും യിസ്രായേലിന്റെ ദൈവം നിങ്ങളെ തന്റെ അടുക്കൽ വരുത്തേണ്ടതിന്ന് യിസ്രായേൽ സഭയിൽനിന്ന് നിങ്ങളെ വേറുതിരിച്ചത് നിങ്ങൾക്ക് പോരായോ?" (സംഖ്യാ. 16:9). ദൈവത്തിന് മഹത്വം കൊടുക്കുന്നതിനു പകരം തനിക്കു തന്നെ മഹത്വം കൊടുപ്പാനാണ് കയിനെ പോലെയും ബിലെയാമിനെ പോലെയും കോരഹും ശ്രമിച്ചത്. ദൈവ വഴിക്കു പകരം സ്വന്ത വഴിയെ പോകുവാനായിരുന്നു ആ മൂന്ന് ഉദാഹരണങ്ങളിലേയും വ്യക്തികൾ ശ്രമിച്ചത്. കയീനെയും, ബിലെയാമിനെയും, കോരഹിനെയും പോലെ, ദുരുപദേഷ്ടാക്കന്മാരും നിഗളം, അഹംഭാവം, സ്വയേ-ഛ എന്നിവക്ക് കീഴ്പ്പെട്ടിരുന്നു. കോരഹ് മൽസരത്തിൽ **നശിച്ചുപോയതുപോലെ**, ദുരുപദേഷ്ടാക്കന്മാർക്ക് ദൈവത്തിന്റെ ന്യായവിധി തീർച്ചായാണെന്നായിരുന്നു യൂദാ മുന്നറിയിച്ചത്.

**വാക്യം 12**. ദുരുപദേഷ്ടാക്കന്മാർ നിഗളികളും അഹങ്കാരികളുമായിരുന്നു. അവർക്ക് ദൈവത്തിന്റെ ന്യായവിധിയെ കുറിച്ചു വിചാരമോ, ദൈവഭയമോ ഇല്ലായിരുന്നു. രൂപകാലങ്കാരങ്ങളാലായിരുന്നു യൂദാ അവരെ കുറ്റപ്പെടുത്തിയത്. ചില രൂപകാലങ്കാരങ്ങൾ ഇന്ന് നമുക്ക് അത്ര വ്യക്തമല്ല. അവന്റെ ചിന്ത മനസിലാക്കി ഓഇഔബി യൂദാ പറഞ്ഞതിനെ ഇങ്ങനെ വ്യക്തമാക്കി, അവർ **മറഞ്ഞു കിടക്കുന്ന പാറകളാണ്**. എൻഏഎസ്ബി തർജ്ജമ ചെയ്ത ഗ്രീക്ക് വാക്കിന്റെ പിന്നിലുള്ള *സ്പിലാസ്* പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. പുരാതന എഴുത്തുകാർ അതിനു രണ്ട് വ്യത്യസ്ത അർത്ഥങ്ങൾ കൊടുത്താണ് എഴുതിയിട്ടുള്ളത്. തിരമാലകളാൽ മൂടപ്പെട്ട പാറക്കൂട്ടമായി-വേറൊരുവിധത്തിൽ പറഞ്ഞാൽ പാറ. ആ അർത്ഥത്തിലാണ് യൂദാ ആ വാക്ക് ഉപയോഗിച്ചതെങ്കിൽ, ദുരുപദേഷ്ടാക്കന്മാർ കപടഭക്തിക്കാരായിരുന്നു. അവർ അവതരിപ്പിച്ചത് വളരെ കാഠിന്യത്തോടുകൂടെയായിരുന്നു കാരണം അവരുടെ ദുഷ്ടത കാഴ്ച്ച മറച്ചുപിടിച്ചിരിക്കുകയായിരുന്നു, അല്ലെങ്കിൽ, പുറമെ ഭീഷണി-പ്പെടുത്തുന്നതായി തെളിയാതെ അവർ വേഷപ്രച്ഛന്നതയിലായിരുന്നു എന്നർത്ഥം. ഒരുപക്ഷെ, അതായിരിക്കാം യൂദാ പറയുവാൻ ആഗ്രഹിച്ചത്. എങ്ങനെയായാലും, മറ്റൊരു സാധ്യതയുണ്ട്.

ചിലപ്പോൾ *സ്പിലാസ്* "കറ" അല്ലെങ്കിൽ "കളങ്കമുള്ള" എന്ന അർത്ഥത്തിലും ഉപയോഗിച്ചു കാണുന്നുണ്ട്. കെജെവി, എൻഐവി, എൻആർഎസ്വി എന്നിവ ആ വാക്ക് മനസിലാക്കുന്നത് ജെനറിക് അർത്ഥത്തിലാണ്. "മറഞ്ഞു

കിടക്കുന്ന പാറകൾ" എന്നതിനു പകരം കെജെവിയിൽ കൊടുത്തിരിക്കുന്നത്, അവർ "നിങ്ങളുടെ സ്നേഹ സദ്യകളിലെ" കറകളാണ് എന്നത്രെ. എൻഐവിയിൽ, "അവർ നിങ്ങളുടെ സ്നേഹവിരുന്നിലെ കളങ്കങ്ങളത്രെ" എന്നാണ്. എൻആർഎസ്‌വി പറയുന്നു, "അവർ നിങ്ങളുടെ സ്നേഹ-വിരുന്നുകളിലെ കളങ്കങ്ങളാണ്." ആ വാക്കിന് യൂദാ ഉദ്ദേശിച്ച അർത്ഥം അതാണ് എങ്കിൽ, ദുരുപദേഷ്ടാക്കന്മാർ ഒരു കുട്ടയിലെ കേടുവന്ന ആപ്പിളാണ്. സഭയുടെ നല്ല കൂട്ടായ്മ അവർ ഭോഗേഛക്കും അഭക്തിക്കുമാക്കി മാറ്റി.

ആ വാക്കിന്റെ സാധ്യതയുള്ള അർത്ഥങ്ങളിൽ ഏതെടുക്കണമെന്ന് സന്ദർഭമനുസരിച്ച് നിർണ്ണയിക്കുക പ്രയാസമാണ്. എങ്ങനെയായാലും, തിരമാലകൾക്കടിയിൽ മറഞ്ഞു കിടക്കുന്ന പാറകളായി അതിന്റെ അർത്ഥം എടുത്താൽ, കപ്പലിനെ പോലും നശിപ്പിക്കുവാൻ അതിനു കഴിഞ്ഞേക്കാം, അതായിരിക്കാം യൂദാ ആശയവിനിമയം നടത്തുവാൻ ആഗ്രഹിച്ചത്. മറഞ്ഞു കിടക്കുന്ന പാറകളും, കളങ്കങ്ങളും ദുരുപദേഷ്ടാക്കന്മാരെ കുറ്റപ്പെടുത്തുവാനായിരുന്നു യൂദാ അവ തിരഞ്ഞെടുത്തത്. ദുരുപദേഷ്ടാക്കന്മാർ തങ്ങളുടെ ശരിയായ സ്വഭാവം മറെച്ചു വെച്ചിരുന്നു. അങ്ങനെ ചെയ്തുകൊണ്ട്, അവർ ദൈവജനത്തിന്റെ ബഹുമതിക്ക് കളങ്കമാണ് വരുത്തിയത്. അതിനു പകരം അവർക്ക് സത്യസന്ധമായി ജീവിക്കാമായിരുന്നു. യൂദായുടെ വായനക്കാർക്ക് അവരെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല കാരണം, അവർ വേഷപ്രഛന്നരായി നടിക്കുന്നവരായിരുന്നു.

ക്രിസ്ത്യാനികൾ ഒരുമിച്ച് ഇരുന്ന് കൂട്ടായ്മ ഭക്ഷണം കഴിക്കുമ്പോൾ, ക്രിസ്ത്യാനിത്വം വളരുകയാണെന്ന് നാം കരുതും. പ്രാരംഭ ക്രിസ്ത്യാനികൾ അതിനെ **സ്നേഹ വിരുന്നുകൾ** എന്നാണ് വിളിച്ചിരുന്നത്. എന്നാൽ "സ്നേഹ വിരുന്ന്" കർത്തൃമേശക്ക് സമമായിരുന്നില്ല. രണ്ടിനും തമ്മിൽ ചില ബന്ധം ഉണ്ടായിരുന്നു. ചില സഭകൾ ഒരുമിച്ച് ഭക്ഷണം കഴിച്ചശേഷം കർത്തൃമേശ പങ്കിട്ടിരിക്കാം (1 കൊ. 11:17–22; 2 പത്രൊ. 2:13 നോക്കുക). ഈ സമയത്ത് ദുരുപദേഷ്ടാക്കന്മാർ ക്രിസ്ത്യാനികൾ കൂട്ടായ്മ ആചരിക്കുമ്പോൾ, തെറ്റായ സന്ദേശങ്ങൾ അവർക്ക് നൽകി. അവരുടെ സ്വഭാവം പുറമെ മാന്യമായിരുന്നു. അവർക്ക് ദൈവഭയം ഇല്ലായിരുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ പണിയിലും അവർക്ക് താൽപര്യമില്ലായിരുന്നു. അവർ **നിങ്ങളോടു കൂടെ വിരുന്നു** കഴിക്കയും, **ഭയം കൂടാതെ നിങ്ങളെത്തന്നെ തീറ്റുന്നവർ** എന്നാണ് യൂദാ പറഞ്ഞത്. ഗ്രീക്ക് വാക്ക് *പോയിമായിനോ* എന്ന ക്രിയ എൻഏഎസ്ബി തർജ്ജമ ചെയ്തിരിക്കുന്നത്, "കരുതൽ" എന്ന് അക്ഷരികമായി പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, "ഒരു ഇടയനെ പോലെ പ്രവർത്തിക്കുക." "തങ്ങൾക്കായി കരുതുന്നു" എന്നതിനു പകരം, എൻഐവി ആ പ്രയോഗം തർജ്ജിമ ചെയ്തിരിക്കുന്നത് "തങ്ങളെത്തന്നേ തീറ്റുന്ന ഇടയന്മാർ" എന്നാണ്.

ദൈവജനത്തെ മേയിക്കുക എന്നത് ഭയപ്പെടുത്തുന്ന ഉത്തരവാദിത്തമാണ്. തന്റെ രാജ്യത്തിൽ ദാസനായിതീരുന്നതിനേക്കാൾ മാഹാത്മ്യമുള്ള മറ്റൊന്നില്ല എന്നാണ് യേശു പറഞ്ഞത് (ലൂക്കൊ. 22:25, 26). നല്ല ഇടയൻ ആടുകളെ മേയിക്കും, പക്ഷെ എല്ലാ ഇടയന്മാരും സേവിക്കുകയില്ല. യൂദാ നേരിട്ട ഉപദേഷ്ടാക്കന്മാർ ഇടയന്മാരുടെ വേഷം ധരിച്ചവരായിരുന്നു, പക്ഷെ അവർ ഇടയന്മാരെ പോലെ പ്രവർത്തിച്ചില്ല. ദൈവ ജനത്തെ തങ്ങളുടെ സ്വന്ത താൽപര്യത്തിനായി വലിച്ചിഴച്ചത് ആദ്യമായിട്ട് അല്ലായിരുന്നു. പഴയ നിയമകാലത്ത് ദൈവം യെഹസ്കേൽ പ്രവാചകൻ മുഖാന്തരം സംസാരിച്ചു, "ഇടയനില്ലായ്കകൊ

ണ്ടത്രെ എന്റെ ആടുകൾ കവർച്ചയായി പോകയും എന്റെ ആടുകൾ കാട്ടിലെ സകലമൃഗത്തിനും ഇരയായി തീരുകയും ചെയ്തത് എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" (യെഹ. 34:8). സഭക്ക് ആത്മികമായ ഉൾക്കാഴ്ച്ച വാഗ്ദാനം ചെയ്തുകൊണ്ടാണ് ദുരുപദേഷ്ടാക്കന്മാർ വന്നത്, പക്ഷെ വാസ്തവത്തിൽ അവർ സഭയുടെ ശക്തി ക്ഷയിപ്പിക്കുവാനാണ് ശ്രമിച്ചത്.

ദുരുപദേഷ്ടാക്കന്മാർ ആത്മികമായ പോഷണം വാഗ്ദാനം ചെയ്തുവെങ്കിലും, അവർ **വെള്ളമില്ലാത്ത മേഘങ്ങളെ** പോലെ, സ്ഥിരതയില്ലാത്തവരും, നിഷ്ഫലന്മാരും ആയിരുന്നു. പത്രൊസിനെ പോലെ യൂദായും, ദുരുപദേഷ്ടാക്കന്മാരെ ശകാരിക്കുകയായിരുന്നു. ലേഖകൻ അവർക്കെതിരെ ക്രോധാവേശത്തോടെ സംസാരിച്ചു എന്നു പറയുവാൻ സാധ്യമല്ല. അവരുടെ ഉപദേശത്തെ വിശകലനം ചെയ്യുവാൻ ലേഖകൻ താൽപര്യപ്പെട്ടില്ല. പകരം, അവൻ അവരെ വ്യക്തിപരമായിട്ടാണ് നേരിട്ടത്. അവർ ആരായിരുന്നു എന്നു തെളിയിക്കുന്നതായിരുന്നു അവരുടെ ഉപദേശം. യൂദാ ഉപയോഗിച്ച രൂപകാലങ്കാരം ഓരോന്നും വ്യത്യസ്തവും കഴമ്പുള്ളതുമായിരുന്നു, അവ "ആ മനുഷ്യരെ" തെളിവായി കാണിക്കുവാൻ മതിയായവയായിരുന്നു.

ഒന്നാമത്, അവർ വാഗ്ദാനം ചെയ്തതു അവർക്കു നൽകുവാൻ കഴിഞ്ഞില്ല, അവർ "വെള്ളമില്ലാത്ത മേഘങ്ങൾ" പോലെയായിരുന്നു. കനാനിലെ അന്നത്തെ പരിതസ്ഥിതി നോക്കിയാൽ, വെള്ളം വളരെ ദുർല്ലഭമായിരുന്നു. മദ്ധ്യധരണ്യാഴിയിൽ പടിഞ്ഞാറൻ കാറ്റ് കരയിലേക്ക് അടിക്കുമ്പോൾ, വായു തണുക്കും. മേഘങ്ങൾ ഉരുണ്ട് കറുത്തിരുളും. പകലിലെ ചൂട് ഏൽക്കുമ്പോൾ, അവ പലപ്പോഴും അപ്രത്യക്ഷമാകുകയും മഴ ലഭിക്കാതിരിക്കുകയും ചെയ്യും. മഴ ലഭിക്കുമെന്ന പ്രതീക്ഷ മാത്രമുള്ളത് ദേശത്ത് കഷ്ടത പെരുകുകയായിരുന്നു ഫലം. ദുരുപദേഷ്ടാക്കന്മാരുടെ കയ്യിൽ സഭക്ക് നൽകുവാൻ ഒന്നുമില്ലായിരുന്നു. അവരുടെ കയ്യിൽ വാക്കുകൾ മാത്രം ഉണ്ടായിരുന്നു-പാപത്തിൽനിന്നു മോചനവും, വരുവാനുള്ള ലോകത്തിൽ ദൈവികമായ സമാധാനവും വെറും വാഗ്ദാനത്തിൽ മാത്രം ഒതുങ്ങി. അവസാനം, അവരിൽനിന്ന് ഒരു നന്മയും വന്നില്ല. അവരെ ശ്രദ്ധിച്ചവർ ദൈവത്തോട് അടുക്കാതെ, ദൈവത്തിൽനിന്നും അകലുകയായിരുന്നു.

ദുരുപദേഷ്ടാക്കന്മാർ സഭയിൽ അവതരിപ്പിച്ചത് അവരെ മാറ്റിക്കളയുന്ന അപകടങ്ങളായിരുന്നു. അവരുടെ ഉദ്ദേശത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു അവർ അവതരിപ്പിച്ച സന്ദേശങ്ങൾ. അവർ കാറ്റിനാൽ ഓടുന്നവരായിരുന്നു. അവർ തങ്ങളുടെ നിയന്ത്രണത്തിൽ ഒതുങ്ങാത്തവരെന്ന് അവരുടെ പ്രസ്താവനകൾ വെളിപ്പെടുത്തി.

മൂന്നു രൂപകാലങ്കാരങ്ങൾ ഉപയോഗിച്ച് യൂദാ ദുരുപദേഷ്ടാക്കന്മാരെ കുറ്റപ്പെടുത്തൽ തുടരുകയാണ്. അവർ **ഇലകൊഴിഞ്ഞും ഫലമില്ലാത്തതുമായ** വൃക്ഷങ്ങൾ ആയിരുന്നു. അതുകൂടാതെ അവർ **രണ്ടുരു ചത്തതും** ആയിരുന്നു. വൃക്ഷത്തിന്റെ രൂപകാലങ്കാരത്തിലേക്ക് തിരിച്ച് വന്ന് അവർ യാതൊരു ഫലവും പുറപ്പെടുവിക്കുവാൻ കഴിയാത്ത **വേരറ്റവർ** ആയിരുന്നു എന്നു വ്യക്തമാക്കി. ആ വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്ന ചിഹ്നം അർത്ഥത്തിൽ അൽപ വ്യത്യാസം വരുത്തിയേക്കാം. എൻഏഎസ്ബിയും എൻആർഎസ്വിയും ആ വാക്കുകളെ, "ഫലമില്ലാത്ത" "ശൈത്യകാലവൃക്ഷമാകുന്നു" എന്നാണ്, തർജ്ജമ ചെയ്തത്. കോമാ ഉപയോഗിച്ച് കെജെവി മൂന്നു രൂപകാലങ്കാരത്തിനു പകരം നാലെണ്ണമാണ് പറയുന്നത് . അതിൽ വായിക്കുന്ന

ത്, “ഫലമില്ലാത്തവണ്ണം, വൃക്ഷം അതിന്റെ ഫലങ്ങൾ കൊഴിഞ്ഞിരിക്കുന്നു.” എൻഐവി മനസിലാക്കിയിരിക്കുന്നത് വേരറ്റ് വൃക്ഷം “ഫലമില്ലാത്തതായി” എന്നാണ്. “ശൈത്യകാല വൃക്ഷം വേരറ്റുപോകും.” തർജ്ജമയിൽ അർത്ഥത്തിൽ അൽപ വ്യത്യാസം കാണാം, പക്ഷെ എല്ലാറ്റിലും അർത്ഥം വ്യക്തമാണ്: ദുരുപദേഷ്ടാക്കന്മാർക്ക് പുറപ്പെടുവിക്കുവാൻ കഴിയാത്ത ഫലങ്ങളെയാണ് അവർ വാഗ്ദാനം ചെയ്തത്.

ഫലം പുറപ്പെടുവിക്കുമെന്ന് വിചാരിച്ചുകൊണ്ടാണ് ഒരാൾ ഒരു വൃക്ഷം നടുന്നത്. യിസ്രായേൽ ദൈവം ഉദ്ദേശിച്ച ഫലം പുറപ്പെടുവിച്ചില്ല എന്നതായിരുന്നു, പൊതുവിൽ ദൈവത്തിന്റെ പരാതികളിൽ ഒന്ന്. യെശയ്യാവ് ഒരു തോട്ടത്തിന്റെ ദൃഷ്ടാന്തം ചിത്രീകരിച്ചിരിക്കുന്നു, എന്നാൽ അർത്ഥം ഒന്നു തന്നെയാണ്. ദൈവം തന്റെ തോട്ടം എങ്ങനെ നടുകയും, വളമിടുകയും, സംരക്ഷിക്കുവാൻ, വേലി കെട്ടുകയും ചെയ്തു എന്നു പ്രവാചകൻ പറയുന്നു. “പിന്നെ അവൻ മുന്തിരിങ്ങ കായ്ക്കുമെന്ന് കാത്തിരുന്നു; കായ്ച്ചതോ കാട്ടുമുന്തിരിങ്ങയായിരുന്നു” (യെശ. 5:2). തൽഫലമായി ദൈവം ന്യായവിധി നടത്തുമെന്ന് പ്രഖ്യാപിച്ചു. “ഞാൻ അതിന്റെ മതിൽ ഇടിച്ചുകളയും; അത് ചവിട്ടിമെതിച്ചുകളയും” (യെശ. 5:5). പ്രവാചകന്മാരുടെ കാലത്ത് ഇത്തരം സാമ്യം സാധാരണയായിരുന്നു (യിരെ. 2:21; 12:10; യെഹെ. 19:10-14; ഹോശേ. 10:1). ഇതേ അലങ്കാരപ്രയോഗമായിരുന്നു യേശു ഉപയോഗിച്ചത് (മത്താ. 21:33-41) പത്രൊസ് ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് പറഞ്ഞത് അതേ രീതിയിലുള്ള സാമ്യം ഉപയോഗിച്ചുകൊണ്ടായിരുന്നു, പക്ഷെ അവന്റെ പോയിന്റ് ഒന്നു തന്നെയായിരുന്നു. പത്രൊസിന്, അവർ “വെള്ളമില്ലാത്ത കിണറുകളും,കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മഞ്ഞുമേഘങ്ങളുമാകുന്നു” (2 പത്രൊ. 2:17).

ദുരുപദേഷ്ടാക്കന്മാർ “രണ്ടുരു ചത്തവർ” എന്നു യൂദാ പറഞ്ഞപ്പോൾ, അത് സകല സംശയവും ദൂരീകരിക്കുന്നതിനായിരുന്നു. വിഷം കലർന്ന അവരുടെ ഉപദേശത്തിന് യാതൊരു ഫലവും പുറപ്പെടുവിക്കുവാൻ കഴിയുന്നതായിരുന്നില്ല. വെള്ളമില്ലാത്ത കിണർ നിറയുവാൻ വെള്ളത്തിനായി കാത്തു കിടക്കുന്നതുപോലെയായിരുന്നു അവർ. ജീവിതമെല്ലാം പൊയ്പോയിരുന്നു. അവർ വളരെക്കാലമായി “വേരറ്റവർ” ആയിരുന്നു. യൂദായുടെ വായനക്കാർക്ക് അവരെ വിട്ടുകളയുവാൻ നല്ല അവസരമായിരുന്നു യൂദാ നൽകിയത്. വിട്ടുവീഴ്ച്ചക്ക് യാതൊരു സാധ്യതയുമില്ലായിരുന്നു.

**വാക്യം 13.** ദൈവത്തിന്റെ നടത്തിപ്പ് വിട്ടുകളഞ്ഞവരെ യൂദാ താരതമ്യം ചെയ്തതുപോലെ യാക്കൊബും താരതമ്യം ചെയ്തത് അവർ **കടൽത്തിരക്ക് സമാനം** എന്നായിരുന്നു (യാക്കൊ. 1:6). അതിനപ്പുറം എന്ത് എന്ന് ആർക്കും ഊഹിക്കുവാൻ പോലും കഴിയുകയില്ല. അവക്ക് ആശ്രയമില്ലായിരുന്നു. അവർ സ്ഥിരമല്ലാത്തവരും എവിടെയെത്തുമെന്ന് ചിന്തിക്കുവാൻ കഴിയാത്തവരും, ദൈവത്തിൽനിന്നും അകന്നുപോയവരുമാകുന്നു. അവർ **വക്രഗതിയുള്ള നക്ഷത്രങ്ങളെ** പോലെയാകുന്നു. “അലഞ്ഞുതിരിയൽ” (*പ്ലാനെറ്റെസ്*) എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് “പ്ലാനെറ്റ്” എന്ന ഇംഗ്ലീഷ് വാക്ക് ലഭിച്ചത്. ഉറപ്പുള്ള മറ്റു നക്ഷത്രങ്ങളിൽനിന്നും ഇവ ചലിക്കുന്നതാണ്, അതിൽ ആശ്രയിക്കുന്നവരേയും കൊണ്ട് അത് പൊയ്ക്കളയും. ദുരുപദേഷ്ടാക്കന്മാർക്ക് **അന്ധതമസ്** സൂക്ഷിച്ചിരിക്കുകയാണ്, അതേസയം അവർ നിത്യ ദണ്ഡനവും അനുഭവിക്കും (വാ. 7).

## അഭക്തരായ പുരുഷന്മാരെ ന്യായവിധിക്കുമെന്ന ഹാനോക്കിന്റെ പ്രവചനം (14-16)

**[14]ആദാം മുതൽ ഏഴാമനായ ഹാനോക്കും അവരെ കുറിച്ച് [15]"ഇതാ കർത്താവ് എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു" എന്നു പ്രവചിച്ചു. [16]അവർ പിറുപിറുപ്പുകാരും തങ്ങളുടെ ഗതിയെ കുറിച്ച് ആവലാധി പറയുന്നവരുമായി സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്നു. അവരുടെ വായ് വമ്പ് പറയുന്നു; കാര്യസാധ്യത്തിനായി അവർ മുഖസ്തുതി പ്രയോഗിക്കുന്നു.**

**വാക്യങ്ങൾ 14, 15.** യൂദാ എഴുതിയപ്പോൾ, **"ഇതാ, കർത്താവ് എല്ലാവരേയും ന്യായം വിധിപ്പാനായി ആയിരമായിരം വിശുദ്ധന്മാരുമായി വരുന്നു"** എന്നാണ് പറഞ്ഞത്. 1 യൂനക്ക് എന്ന ദൈവശ്വാസിയമല്ലാത്ത രേഖ ഉദ്ധരിച്ച് പറഞ്ഞിരിക്കുന്നു, "ഇതാ കർത്താവ് ആയിരമായിരം വിശുദ്ധന്മാരുമായിട്ടാണ് എല്ലാവരേയും ന്യായം വിധിപ്പാൻ വരുന്നത്."[11] ഒന്ന് യൂനക്ക് എന്ന പുസ്തകം സങ്കീർണ്ണമായ പ്രസിദ്ധീകരണമാണ്, ആളുകൾ അതിനെ അതിസൂക്ഷ്മമായി നൂറ്റാണ്ടുകളോളം പരിശോധിച്ചിരുന്നു. ക്രിസ്തുവിനു മുൻപും പിൻപുമായി പല ഘട്ടങ്ങളിലായി പ്രസിദ്ധീകരിച്ചതാണ് ആ പുസ്തകം എന്ന കാര്യത്തിൽ പണ്ഡിതന്മാർ യോജിച്ചിരുന്നു. 1 യൂനക്ക് ശ്രദ്ധയോടെ പരിശോധിച്ചവർ വിശ്വസിക്കുന്നത് യൂദാ ഉദ്ധരിച്ച ഒരു ഭാഗം ക്രിസ്തീയ-കാലത്തിന് മുൻപ് എഴുതപ്പെട്ടതാണ് എന്നത്രെ.

1 യൂനക്കിന്റെ രേഖ യൂദാ ഉദ്ധരിച്ച ഭാഗം എഴുതിയത് യൂനക്ക് തന്നെ യാണെന്ന് ചിലർ വാദിക്കുന്നു. "ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ, അവനെ പിന്നെ കാണാതെയായി" (ഉല്. 5:24). ആ **ഹാനോക്ക് ആദാം മുതൽ ഏഴാമനാണെന്നു** പറഞ്ഞിരിക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്. ഉൽപത്തി 5 ലെ വംശാവലിയിൽ ആദ്യം വരുന്നത് ആദാമാണ്, ഹാനോക്ക് വരുന്നത് ഏഴാം സ്ഥാനത്താണ്. "ആദാം മുതൽ ഏഴാമനായ ഹാനോക്ക്" എന്ന പ്രയോഗം 1 യൂനക്കിലും കാണാം.[12]

ഏതാനും ഒഴികഴിവ് മാറ്റി നിർത്തിയാൽ യെഹൂദന്മാരോ ക്രിസ്ത്യാനികളോ 1 യൂനക്ക് കാനോനിൽ ഉൾപ്പെട്ടതായി അംഗീകരിച്ചിരുന്നില്ല, ചില മേഖലകളിലെ ആളുകൾ അതിനെ ബഹുമാനിച്ചിരുന്നു. യൂദാ 1 യൂനക്കിനെ "തിരുവെഴുത്ത്" എന്നു പറഞ്ഞില്ല, എന്നാൽ അവൻ അത് ഉദ്ധരിച്ചത് മറ്റു പുതിയ നിയമ എഴുത്തുകാർ ഉദ്ധരിച്ചതുപോലെയാണ്. പൗലൊസ് യെശയ്യാവിന്റെ വാക്കുകൾ ഉദ്ധരിച്ചതുപോലെയാണ്, യൂദാ യൂനക്കിന്റെ വാക്കുകൾ ഉദ്ധരിച്ചത്. യൂദാ ഉദ്ദേശിച്ചത് ഉൽപത്തി 5:21–24 ലെ ഹാനോക്കിനെയാണ് എന്ന കാര്യത്തിൽ സംശയമില്ല.

പുതിയ നിയമം ആധികാരികമായി എഴുതപ്പെട്ടത് പരിശുദ്ധാത്മ നിയോഗത്താലായിരുന്നു എന്നു വിശ്വസിക്കുന്നവർക്ക്, യൂദാ 1 യൂനക്ക് ഉദ്ധരിച്ചത് പ്രശ്നം ആയേക്കാം. ഒരു രേഖ ദൈവശ്വാസിയമാണ് എന്നു പറഞ്ഞാൽ

അത് സത്യമാണെന്ന് ഉറപ്പിക്കാം. അത് സത്യമാണ്, കാരണം അത് ദൈവ ശ്വാസിയമാണ്, ദൈവം സത്യമാണ്. യൂനക്ക് എഴുതാത്തതായി കരുതുന്ന യൂനക്കിന്റെ ഒരുഭാഗം യൂദാ ഉദ്ധരിച്ചത്, ചുരുങ്ങിയത് "ആദാം മുതൽ ഏഴാ മനായ" ഹാനോക്ക് അല്ല എഴുതിയതെങ്കിൽ, ഈ ഉദ്ധരണിയെ സംബന്ധിച്ച് വിശ്വാസികളും, അ-വിശ്വാസികളും ഒരുപോലെ പല ചോദ്യങ്ങളും ചോദിച്ചേ ക്കാം: ആ രേഖ ആദാം മുതൽ ഏഴാമനായ ഹാനോക്ക് ആണ് എഴുതിയത് എന്നു യൂദാ വാസ്തവത്തിൽ വിശ്വസിച്ചിരുന്നോ? യേശു ജനിക്കുന്നതിന് നൂ റ്റാണ്ടുകൾക്ക് മുൻപ് 1 യൂനക്ക് എഴുതി എന്ന് ക്രിസ്ത്യാനികളും യെഹൂദ പണ്ഡിതന്മാരും വിശ്വസിച്ചിരുന്നോ? 1 യൂനക്ക് എന്നു നാം വിളിക്കുന്ന പു സ്തകത്തിൽനിന്നാണ് യൂദാ അത് ഉദ്ധരിച്ചതെങ്കിൽ, അത് തള്ളിക്കളയുന്നത് യോഗ്യമാണോ? ദൈവശ്വാസിയതക്കായി യൂദാ 1 യൂനക്ക് ഉപയോഗിച്ചതിന്റെ അർത്ഥം എന്ത്? ആ ചോദ്യങ്ങൾക്ക് ക്രിസ്ത്യാനികൾ വിഷമം നേരിടുന്നത് രണ്ട് കാരണങ്ങൾ നിമിത്തമാണ്: (1) അത് ആത്മാർത്ഥതയുടെ കാര്യമാണ്. തിരുവെഴുത്ത് ദൈവശ്വാസിയമാണ് എന്ന് ക്രിസ്ത്യാനികൾ ഉറപ്പിക്കുമ്പോൾ, യൂദാ എഴുതിയ ദൈവശ്വാസിയ വാക്കുകളോട് നാം യോജിക്കണം. (2) അത് സാക്ഷ്യ കാര്യമാണ്. വിശ്വാസിയോടും, അ-വിശ്വാസിയോടും ചോദ്യങ്ങൾക്ക് ക്രിസ്ത്യാനി മറുപടി പറയണം-അതായത്, നമ്മുടെ പ്രത്യാശയെ കുറിച്ചുള്ള ചോദ്യങ്ങൾക്ക് നാം ന്യായമായ മറുപടി നൽകണം.

ബൈബിളിലെ വാക്കുകളായുള്ള ശ്വാസിയതയെ വിശ്വസിക്കുന്നവർക്ക് യൂദായുടെ ഉദ്ധരണി പ്രശ്നമായേക്കാം, എന്നാൽ അത് അത്ര കാര്യമായ പ്രശ്നവുമല്ല. "മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ച്" എഴുതിയതാണ് 1 യൂനക്ക് എന്ന് യൂദാ വിശ്വസിച്ചിരുന്നു എന്ന സൂചന ഇല്ല (2 പത്രൊ. 1:21). താൻ ഉദ്ധരിച്ചത് തിരുവെഴുത്താണ് എന്നു യൂദാ പറഞ്ഞില്ല. ഒരു പുസ്തക ത്തിലെ പ്രസ്താവന ഉദ്ധരിച്ചതുകൊണ്ട് ലേഖകൻ അത് തിരുവെഴുത്താണെന്ന് വിചാരിച്ചു എന്നു കരുതുവാനും സാധ്യമല്ല. ഒരു പോയിന്റ് വ്യക്തമാക്കുവാൻ പൗലൊസും ചിലപ്പോൾ ലൗകിക എഴുത്തുകാരെ ഉദ്ധരിച്ചിട്ടുണ്ട്. കൂടാതെ, ജാതിയിൽ പെട്ട ഒരു ബുദ്ധിമാനെ അവൻ "പ്രവാചകൻ" എന്നു പറഞ്ഞി രിക്കുന്നു (തിത്തൊ. 1:12). ദൈവ ജനത്തിന് ന്യായപ്രമാണം എന്ന പോലെ ആയിരുന്നില്ല യൂദാ 1 യൂനക്ക് ഉദ്ധരിച്ചത് എന്ന് സ്പഷ്ടമാണ്. അവന്റെ ഉദ്ധ രണിക്കു പ്രവാചകന്മാരും മറ്റ് എഴുത്തുകളും പിന്തുണക്കുന്നു.

ഒരു വീക്ഷണം പറയുന്നത്, ജലപ്രളയത്തിനു മുൻപ് ജീവിച്ചിരുന്ന ഹാനോക്ക് വാസ്തവത്തിൽ സംസാരിക്കുകയോ എഴുതുകയോ ചെയ്തത് ദൈവ കാരുണ്യത്താൽ സൂക്ഷിക്കപ്പെട്ടു. ഹാനോക്കിന്റെ വാക്കുകൾ ഒന്നു കിൽ വാമൊഴി ആയോ അല്ലെങ്കിൽ എഴുത്തായോ ജലപ്രളയ കാലത്തിലും, യിസ്രായേൽ ജനം മിസ്രയിമിലായിരുന്ന നാനൂറു വർഷക്കാലവും, അവർ മരുഭൂമിയിൽ നാൽപതു സംവൽസരം അലഞ്ഞുതിരിഞ്ഞപ്പോഴും, പിന്നീട് ആയിരം-വർഷക്കാലത്തെ യിസ്രായേലിന്റെ നിർഭാഗ്യാവസ്ഥയിലും അത് സംരക്ഷിക്കപ്പെട്ടിരിക്കാം. ദൈവം സൃഷ്ടിത്വത്തെ വെളിപ്പെടുത്തിയപ്പോഴും ഇതുപോലെ ജലപ്രളയത്തിന് വളരെ മുൻപ് സംഭവിച്ചിരുന്ന കാര്യങ്ങൾ വിവ രിക്കപ്പെട്ടിരുന്നു. യൂദായുടെ കാര്യത്തിൽ 1 യൂനക്കിൽ വിവരിച്ച വാസ്തവ മായ കാര്യങ്ങളെ പരിശുദ്ധാത്മാവ് ഓർപ്പിച്ച് എഴുതിയതാകാം. എങ്ങനെയാ യാലും, ഈ വീക്ഷണം എടുക്കുന്നവർ സമ്മതിക്കേണ്ട കാര്യം എന്തെന്നാൽ, മറ്റൊരു പുരാതന രേഖയും ഇതുപോലെ മറ്റു ബൈബിൾ എഴുത്തുകാരോ

1 യൂനക്കിലെ വാക്കുകൾ എഴുതിയിട്ടില്ല. ചുരുങ്ങിയത്, അവർ എഴുതിയതായ തെളിവുകൾ ഇല്ല.

യൂദാ ഉദ്ധരിച്ച വാക്കുകളെ കുറിച്ചുള്ള മറ്റൊരു വീക്ഷണം, തന്റെ പോയിന്റ് വ്യക്തമാക്കുവാൻ യൂദാ 1 യൂനക്കിലെ വാക്കുകൾ ഉപയോഗിച്ചു എന്നു മാത്രം. 1യൂനക്കിനെ കുറിച്ച് അറിയാവുന്നവർക്കായിരുന്നു യൂദാ എഴുതിയത്. കൂടാതെ, ആദാമിൽനിന്നു ഏഴാമനായിരുന്ന ഹാനോക്കിനെ പരിചയമുള്ളവരായിരുന്നു അവന്റെ ആദ്യ വായനക്കാർ. പ്രചാരത്തിലിരുന്ന ഒരു പ്രയോഗം യൂദാ നടത്തുകയായിരുന്നു. താൻ ഉദ്ധരിച്ചത് ഹാനോക്കിന്റേതാണെന്ന് യൂദാക്കും അവന്റെ വായനക്കാർക്കും അറിയാമായിരുന്നു. ആ സമയത്ത്, അത് ആരാണ് എഴുതിയതെന്നോ, എപ്പോഴാണ് എഴുതിയതെന്നോ യൂദാ വിചാരിച്ചിരിക്കയില്ല. ഒരു പോയിന്റ് സ്ഥിരീകരിക്കുവാനായി അവൻ ഉദ്ധരിച്ചു എന്നു മാത്രം. എന്റെ അഭിപ്രായത്തിൽ ഈ വീക്ഷണമാണ് ശരിയായത്.

യൂദാ 1 യൂനക്ക് ഉദ്ധരിച്ചതിൽ ഉപദേശപരമായ പുതുമയോ കർത്താവ് വരാൻപോകുന്നു എന്നല്ലാതെ അതിനെ കുറിച്ചുള്ള പ്രവചനമോ ഇല്ല. ബൈബിളിലെ ശേഷം പുസ്തകങ്ങൾ വായിക്കുന്നതുപോലെ വേണം യൂദായുടെ പുസ്തകവും വായിക്കുവാൻ. യൂദാ തന്റെ പുസ്തകത്തിൽ ഉദ്ധരിച്ചത് ഉൽപത്തി 5:21-24 ലെ ഹാനോക്കിന്റെ വാക്കുകളാണെന്ന് വായനക്കാരൻ വിശ്വസിക്കണമെന്ന് അവൻ കരുതിയിരുന്നില്ല. യൂദാ ഉദ്ധരിച്ച രേഖയുടെ ആരംഭം ക്രിസ്തുവിനു മുൻപോ അല്ലെങ്കിൽ അവന്നു ശേഷമോ ആയിരിക്കാം. ക്രിസ്ത്യാനികളെ വഴിതെറ്റിക്കുവാൻ ശ്രമിച്ച ദുരുപദേഷ്ടാക്കന്മാരെ ന്യായം വിധിക്കുവാൻ ദൈവം വരുന്നു എന്ന പോയിന്റാണ് യൂദാ 1 യൂനക്ക് ഉദ്ധരിച്ചു പറഞ്ഞത്.

താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പിക്കുന്നത് പ്രാധാന്യമുള്ളതാണ്: (1) പുതിയ നിയമ രേഖകളെല്ലാം ദൈവശ്വാസിയമാണ്. അതുകൊണ്ട്, അവയെല്ലാം ക്രിസ്തുവിന്റെ സഭക്ക് ആധികാരികമാണ്. (2) യൂദാ എഴുതിയതെല്ലാം ദൈവശ്വാസിയമാണ്. അതുകൊണ്ട് അവ സത്യമാണ്. (3) തിരുവെഴുത്ത് എങ്ങനെ എഴുതിയിരിക്കുന്നുവോ അങ്ങനെ അത് ശ്വാസിയമാണെന്ന് ക്രിസ്ത്യാനികൾ മസിലാക്കണം, അതാണ് ശ്വാസീയം എന്നതിന്റെ അർത്ഥം. (4) യൂദാ ദൈവശ്വാസിയമായി 1 യൂനക്ക് എഴുതിയത് ആദ്യ വായനക്കാർക്കും തുടർന്നുള്ള വായനക്കാർക്കും ഒരു പോയിന്റ് മനസിലാക്കുവാൻ ആയിരുന്നു. (5) യൂദാ സംബോധന ചെയ്ത സഭയെ കുഴപ്പത്തിലാക്കിയ ദുരുപദേഷ്ടാക്കന്മാരെയും, അതുപോലെയുള്ള മറ്റു ദുരുപദേഷ്ടാക്കന്മാരെയും ക്രിസ്തു വരുമ്പോൾ ദൈവം ന്യായംവിധിക്കുമെന്നതാണ് യൂദായുടെ പോയിന്റ്.

ജഡികമായി ദുർന്നടപ്പ് ആചരിക്കുന്നവർക്ക് ദൈവത്തിന്റെ ന്യായവിധിയുണ്ടാകുമന്നു തീർച്ചപ്പെടുത്തുന്നതാണ് 1 യൂനക്കിലെ വാക്കുകൾ. പ്രാവർത്തിക വാക്കാണ് **അഭക്തിയുള്ള** എന്നത്. എൻഏഎസ്ബിയുടെ വാക്യം 15 ൽ ആ വാക്ക് നാല് പ്രാവശ്യം കാണാം, അഡ്ജക്റ്റിവ്സ് ആയി *അസെബിയായും അസെബെസും,* പിന്നെ ക്രിയയായി *അസെബെയോ* ആയുമാണ് ഉപയോഗിച്ചിരിക്കുന്നത്. താൻ അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാരെ വിശദമാക്കുവാൻ യൂദാ ശരിയായ വാക്കാണ് ഉപയോഗിച്ചത്. 1 യൂനക്ക് 1:9 ലുള്ളത് ഇങ്ങനെയാണ്: “തനിക്കെതിരായി പാപം ചെയ്ത എല്ലാവരെയും, ദുഷ്ടന്മാരെയും അവർ ചെയ്ത എല്ലാ പ്രവൃത്തികൾക്കും ദൈവം സകല ജഡത്തെയും നശിപ്പിക്കും.” യൂദാ ഉദ്ധരിച്ചതിനോട് അടുത്തു നിൽക്കുന്നതാണ് 1 യൂനക്ക്

ഗ്രീക്കിലുള്ളത്.

താനും തന്റെ വായനക്കാരും അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് യൂനക്ക് എഴുതിയതായി യൂദാ അവകാശപ്പെട്ടില്ല. മറിച്ച്, അവൻ 1 യൂനക്ക് ഉദ്ധരിച്ച് പറഞ്ഞത് എന്തെന്നാൽ, അതിൽ പറഞ്ഞിരിക്കുന്ന "അഭക്തർക്കു" സംഭവിച്ചതു തന്നെയാണ് താൻ എഴുതിയ സഭയിൽ ദുരുപദേശം കുത്തിച്ചെലുത്തിയവർക്കും സംഭവിക്കുവാനിരിക്കുന്നത്. ദുരുപദേഷ്ടാക്കന്മാരുടെ നിഗളം തുടർച്ചയായ പ്രശ്നം തന്നെയായിരുന്നു. തങ്ങൾ **അഭക്തരായ പാപികളാണെന്നു** കാണിക്കുന്ന വിധത്തിൽ അവർ ദൈവത്തിനെതിരായി **പരുഷമായിട്ടാണ്** സംസാരിച്ചത്. അങ്ങനെ, അവർ ദൈവത്തിന്റെ **ന്യായവിധി** നേരിട്ടു, അതായത്, ദൈവത്തിന്റെ ശിക്ഷാവിധി അനുഭവിച്ചു.

**വാക്യം 16.** എളുപ്പം കബളിപ്പിക്കാവുന്നവരെ ദുരുപദേഷ്ടാക്കന്മാർ മൂന്നു വിധത്തിലായിരുന്നു വഞ്ചിച്ചത്. ഒന്ന്, അപ്പൊസ്തൊലിക സന്ദേശം അറിയിച്ചിരുന്നവരെ അവർ അവമതിച്ചിരുന്നു. അവർ **പിറുപിറുപ്പുകാരും, കുറ്റം കണ്ടെത്തുന്നവരും** ആയിരുന്നു. ക്രിയാത്മക വിമർശനവും പിറുപിറുപ്പും രണ്ടും രണ്ടാണ്. ക്രിസ്ത്യാനികൾ സ്വയം-പാപത്തിന് ഇരയായി തീരുന്നതിൽനിന്ന് അവരെ വിടുവിക്കുവാൻ അവർക്ക് യാതൊരു താൽപര്യവുമില്ലായിരുന്നു. ക്രിസ്തുവിന്റെ ശരീരത്തെ വളർത്തുവാൻ അവർക്ക് യാതൊരു പരിപാടിയുമില്ലായിരുന്നു. പിറുപിറുപ്പും, പരാതിയും, കുറ്റം കണ്ടെത്തലും ഒരു പ്രയോജനവും ചെയ്യാത്ത മനോഭാവമാണ്. **തങ്ങളുടെ സ്വന്ത മോഹമനുസരിച്ച്** നടക്കുന്നതിനേക്കാൾ ഉയർന്ന യാതൊരു ലക്ഷ്യവും അവർക്ക് ഇല്ലായിരുന്നു. സഭയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ചില്ലറ പരിശ്രമങ്ങൾ നടത്തുന്നവരും, ആളുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നവരും, കർത്താവിന്റെ സേവനത്തിൽ ആയിരിക്കുമ്പോൾ ധാരാളം വിമർശനങ്ങൾ കേൾക്കാറുണ്ട്.

രണ്ടാമത്, ദുരുപദേഷ്ടാക്കന്മാർ ആളുകളെ വഞ്ചിച്ചു പിൻപറ്റുവാൻ ശ്രമിച്ചത് **വമ്പ്** [പറഞ്ഞു] കൊണ്ടാണ്. വമ്പ് പറയുന്നവർ തങ്ങളെത്തന്നെ ഉയർത്തി കാണിക്കുന്നവരാണ്. എല്ലാ പ്രശ്നങ്ങൾക്കും അവർക്ക് ഉത്തരമുണ്ട്. ഒരാൾ സ്വയം-വലുതാണ് എന്ന-വിധത്തിൽ പ്രശംസിച്ചേക്കാം. വമ്പ് പറയുന്നവർക്ക് മറ്റുള്ളവരെ ശ്രദ്ധിക്കുവാനോ അവരിൽനിന്നു കേട്ടു പഠിക്കുവാനോ സമയം ഇല്ല, ആ മറ്റുള്ളവരിൽ യേശുവിന്റെ സഹോദന്മാരായ യാക്കൊബും യൂദയും ഉൾപ്പെടുന്നു. മൂല്യങ്ങളുടേയും ദയയുടേയും, ബഹുമാനത്തിന്റേയും പ്രാധാന്യം ക്രിസ്ത്യാനികളെ പഠിപ്പിച്ചിരിക്കുന്നു. ക്രിസ്ത്യാനികൾ അത്തരം ഗുണങ്ങളിൽ മുൻപോട്ട് നീങ്ങുമ്പോൾ കള്ളപ്രവാചകന്മാർ അവരെ ഇരയാക്കുവാൻ സാധ്യതയുണ്ട്. "താൻ മഹാൻ എന്നു നടിച്ച, ആഭിചാരക്കാരനായിരുന്ന ശിമോനെ പോലെ" ആയിരുന്നു യൂദാ അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാർ (പ്രവൃ. 8:9). ഇത്തരത്തിൽ, വിമർശിക്കുകയോ, വിധിക്കുകയോ ചെയ്യാത്തവരെ അവർ സ്വാധീനിച്ചു.

മൂന്നാമത്, യൂദാ അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാർ ക്രിസ്തീയ സമൂഹത്തിൽ പ്രവേശിച്ച് **കാര്യസാധ്യത്തിനായി അവർ മുഖസ്തുതി പ്രയോഗിക്കുകയായിരുന്നു.** ദുരുപദേഷ്ടാക്കന്മാരിൽനിന്നു ലഭിക്കുന്ന മുഖസ്തുതി സ്വീകരിക്കരുതെന്നാണ് യൂദാ തന്റെ വായനക്കാരോട് പറഞ്ഞത്. പകരം അവർ പഠിപ്പിക്കുന്നത് സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരുന്നു.

## പ്രായോഗികത

**ഒത്തുതീർപ്പിന് ഇടമുള്ളപ്പോൾ മൂല്യം ഇല്ല (വാ. 10-16)**

ആസ്ട്രിയയിലെ ഗ്രാറ്റ്സിൽ ആയിരുന്നപ്പോൾ, ഞാനും എന്റെ ഭാര്യയും കോളേജ് വിദ്യാർത്ഥികൾക്കൊപ്പം ഭവന സന്ദർശനത്തിനായി പോയി. ഒരു ദിവസത്തെ നടപ്പിനു ശേഷം സഭയിൽ യുവാക്കൾക്ക് കൂട്ടായ്മക്കും വിശ്രമത്തിനുമുള്ള മുറിയിൽ എല്ലാവരും ഒത്തു ചേർന്നു. ഒരു ദിവസം ഉച്ച കഴിഞ്ഞ് യുവാക്കൾ തങ്ങളുടെ കൂട്ടായ്മ മുറിയിലേക്ക് പത്തു പന്ത്രണ്ടു അപരിചിതരെ കൂട്ടിക്കൊണ്ടു വന്നു. യുവാക്കൾ അവരുടെ അതിഥികളെ ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്നു. അവർ എല്ലാവരും സന്തോഷ ഭരിതരായിരുന്നു, മുപ്പത്തി-യഞ്ചു വയസ് പ്രായം തോന്നിക്കുന്ന ഒരു നേതാവും അവരോടൊപ്പം ഉണ്ടായിരുന്നു.

നമ്മുടെ യുവാക്കൾക്ക് ആ യുവ ഉപദേഷ്ടാക്കന്മാരെ കുറിച്ച് വലിയ അനുഭവം ഇല്ലായിരുന്നു. തങ്ങളുടെ അതിഥികൾ വന്നത് അവർക്ക് യേശുവിലുള്ള വിശ്വാസം പങ്കിടുവാനായിരുന്നു എന്നാണ് നമ്മുടെ യുവാക്കൾ കരുതിയത്. മിഷ്ണറിമാർ വീട് വിട്ടപ്പോൾ എടുത്ത പ്രതിജ്ഞ അവർ മറന്നു പോയിരുന്നു. ആ അതിഥികൾ വന്നത് നമ്മുടെ യുവാക്കളിൽനിന്നു പഠിക്കുവാനോ അവരോട് സംഭാഷണം നടത്തുവാനോ ആയിരുന്നില്ല. അവർ ആ യുവാക്കൾക്കിടയിലേക്ക് നുഴഞ്ഞു കയറി ആക്രമിക്കുവാൻ വന്നവരായിരുന്നു. ആ സാഹചര്യം നേരിടുവാൻ ഞാനും എന്റെ ഭാര്യയും നന്നായി ബുദ്ധിമുട്ടി. ഞങ്ങൾ അവരോട് എതിർത്ത് ചോദ്യങ്ങൾ ചോദിച്ചാൽ, ഞങ്ങൾ യുവാക്കളുടെ അതിഥികളെ പറഞ്ഞയക്കുവാൻ ശ്രമിക്കുകയാണെന്നു വിചാരിക്കും. ദുരുപദേഷ്ടാക്കന്മാരുടെ യഥാർത്ഥ നിറം മനസിലാക്കുവാൻ പരിചയക്കുറവുള്ള യുവാക്കൾക്ക് പലപ്പോഴും കഴിയാറില്ല.

യൂദായും ഒരുപക്ഷെ അതേ രീതിയിലുള്ള സാഹചര്യമായിരിക്കാം നേരിട്ടത്. അവന്റെ വായനക്കാരിൽ പലരും യുവ ക്രിസ്ത്യാനികളായിരുന്നു. ആകയാൽ നുഴഞ്ഞു കയറി വരുന്നവരുടെ ലക്ഷ്യം മനസിലാക്കുവാനുള്ള പക്വതക്കുറവ് അവർക്ക് ഉണ്ടായിരിക്കും. യൂദായുടെ കുറ്റപ്പെടുത്തൽ പിടികൊടുക്കാത്ത വിധത്തിലുള്ളതായിരുന്നു. വാക്കുകൾ നമുക്ക് പരുഷമായി തോന്നിയേക്കാം, എന്നാൽ കർത്താവിന്റെ സഹോദരൻ ഉപയോഗിച്ചത് ചുറ്റികയായിരുന്നു, അല്ലാതെ കുറ്റിച്ചൂൽ ആയിരുന്നില്ല. അവനു തുറന്നു പറയേണ്ടിയിരുന്നു. മാന്യമായിരിക്കേണ്ട സമയമുണ്ട്. ചിലപ്പോൾ സ്നേഹത്തിൽ സംസാരിക്കേണ്ടതായും വരും (എഫെ. 4:15). എന്നാൽ ചില സമയങ്ങളിൽ ക്രിസ്ത്യാനകൾ ക്രിസ്തുവിന്റെ ഉപദേശത്തോട് വിട്ടുവീഴ്ച്ച ചെയ്യുന്നവരോട് കർശനമായി സംസാരിക്കുക തന്നെ വേണം. മുന്നറിയിപ്പിനും പ്രബോധനത്തിനും ശേഷം, ക്രിസ്ത്യാനികൾ അഭക്തരായ ആളുകളോട് നാം ഒരിക്കലും സഹിഷ്ണുതയോടെ അല്ല സംസാരിക്കേണ്ടത്.

---

കുറിപ്പുകൾ

[1]ഈ. ഏർലി എലിസ്, *പ്രോഫെസി ആന്റ് ഹെർമെന്യൂട്ടിക് ഇൻ ഏർലി ക്രിസ്ത്യാനിറ്റി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്സ്, 1993), 220-26.
[2]യൂനക്കിന്റെ ഇംഗ്ലീഷ് തർജിമയും, മുഖവുരയും, പരാമർശവും കാണുവാൻ

നോക്കുക, ജെയിംസ് എച്ച്. ചാൾസ്‌വർത്ത്, എഡി., *ദ ഓൾഡ് ടെസ്റ്റമെന്റ് സ്യൂഡെപ്പിഗ്രാഫാ* (ന്യു യോർക്ക്: ഡബിൾഡേ, 1983), 1.5–89, ഫസ്റ്റ് യൂനക്ക് 6–19 ലെ വിഷയം ഉൽപത്തി 6 ലെ ദൈവപുത്രന്മാർ ആണ്. [3]റിച്ചാർഡ് ജെ. ബക്കാം, *ജൂഡ്, 2 പീറ്റർ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 50 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 53. [4]വിസ്ഡം ഓഫ് സോളമൻ 10:7 (എൻആർഎസ്‌വി). [5]വിക്ടർ പി. ഹാമിൽട്ടൻ നിരീക്ഷിച്ചു, "ദ ലൊക്കേഷൻ ഓഫ് സോഡോം ഈസ് അൺസേർട്ടൻ." പിന്നെ അയാൾ കൂട്ടിച്ചേർത്തു, "അത് വടക്കാണോ തെക്കാണോ എന്നു ഭൂമിശാസ്ത്രപരമായി, വിശ്വസനീയമായി തെളിയിക്കപ്പെട്ടിട്ടില്ല." (വിക്ടർ പി. ഹാമിൽട്ടൻ, *ദ ബുക്ക് ഓഫ് ജെനസിസ്: ചാപ്റ്റേഴ്സ് 18–50*. ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ഓൾഡ് ടെസ്റ്റമെന്റ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1995], 31.). [6]ഇത് ജെ. എൻ. ഡി. കെല്ലിയുടെ വീക്ഷണമാണ്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ ആന്റ് ഓഫ് ജൂഡ്*, ബ്ലാക്സ് ന്യു ടെസ്റ്റമെന്റ് കമെന്ററിസ് (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1969), 258. [7]ഇബിഡ്., 261. [8]തോബിറ്റ് 5.4; 6:11; 7:9; 8:2; 9:5; 11:1; 12:6. [9]ടെസ്റ്റമെന്റ് ഓഫ് മോസെസ് എന്നത് ചാൾസ്വർത്ത്, 1:919–34 ൽ കാണാം. [10]അത്തരം വ്യാകരണത്തിന്റെ സാങ്കേതിക പേര് "അനകോലുതോൺ."

[11]യൂനക്ക് 1:9 ന്റെ തർജിമ എടുത്തത് ചാൾസ്വർത്ത്, 1:13–14 ൽനിന്നാണ്. [12]യൂനക്ക് 60:8.